
ജൂലൈ 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ



തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ!

യോഹന്നാൻ 20:28




# എന്റെ കർത്താവേ...!

പ്രതീക്ഷയുടെ പച്ചത്തുരുത്ത് നഷ്ടമായ യേശു ശിഷ്യർ. ക്രിസ്തുവിന്റെ മരണത്താൽ നഷ്ടധൈര്യരായവർ. ജീവിതഗതി ഇനി മുന്നോട്ടെങ്ങിനെ എന്നതിന് ഉത്തരം കിട്ടാതെ ഇരുട്ടിൽ തപ്പുമ്പോൾ പ്രതീക്ഷയുടെ പൊൻവെളിച്ചമായി ക്രിസ്തുവിന്റെ സാന്നിദ്ധ്യം. പക്ഷേ, തോമസ് അപ്പസ്തോലന് ആ അവസരം നഷ്ടമായി. നാളെയെക്കുറിച്ചുള്ള സ്വപ്നംപോലും നഷ്ടപ്പെട്ട അവൻ ശാഠ്യംപിടിക്കുന്നു. അവന്റെ മുറിപ്പാടുകളെ കാണാതെ വിശ്വസിക്കില്ലെന്ന്. വിശ്വസിക്കുന്നതിനേക്കാൾ അവിശ്വസിക്കാനാണ് കാരണങ്ങളേറെ. പക്ഷേ, ക്രിസ്തുദർശനം അവന്റെ എല്ലാ ആകുലതകളെയും വിശ്വാസരാഹിത്യത്തെയും കണ്ണടച്ചുതുറക്കും മുമ്പേ എടുത്തുകളയുന്നു. അതവന്റെ പ്രാർത്ഥനയായ് ഉയർന്നു. "എന്റെ കർത്താവേ, എന്റെ ദൈവമേ..."

ലോകം സമാനഗതിയിലൂടെയാണ് യാത്ര. ശാസ്ത്രം തളരുന്നു. എവിടെ ദൈവം? എവിടെ ധ്യാനകേന്ദ്രങ്ങളിൽ അത്ഭുതം പ്രവർത്തിക്കുന്നവർ? എന്നൊക്കെയുള്ള ചോദ്യങ്ങൾ ഉയരുന്നുണ്ട്. ലോകം മുഴുവൻ ഒരു വൈറസിനെ ഭയക്കുമ്പോൾ ഉയരുന്ന ചോദ്യം ദൈവത്തിൽ വിശ്വസിക്കണോ, വേണ്ടയോ എന്നാണ്. എല്ലാം തുറന്നിട്ടും അവസാനം മാത്രം തുറന്നാൽ മതി ആരാധനാലയങ്ങൾ എന്നുള്ള ചിന്തപോലും വിശ്വാസികൾക്കുമുണ്ട്. എവിടെ ആൾക്കൂട്ടമുണ്ടായാലും ആരാധനാലയങ്ങളിലെ ആൾക്കൂട്ടമേ വൈറസ് പടരാൻ കാരണമാകൂ എന്ന തരത്തിലാണ് തീരുമാനങ്ങൾ. ഇവിടെ തോമസ് നിൽപ്പുണ്ട് മുൻപിൽ. ഒരു ക്രിസ്തുദർശനം നമ്മെ വീണ്ടും പ്രതീക്ഷയുള്ളവരാക്കും. ഭയത്തിന്റെ കൂരിരുളിൽ അടച്ചിട്ട മുറിയുടെ ഭദ്രതയിൽ കഴിഞ്ഞവർക്ക് ധൈര്യമായി, ശക്തിയായി അവൻ വന്നതുപോലെ, അവൻ നമ്മുടെയും ചെവിയിൽ മന്ത്രിക്കുന്നുണ്ട്, "ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്." ആ സ്വരം തിരിച്ചറിഞ്ഞ്, ആ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ്, അവിശ്വാസത്തിന്റെ അന്ധകാരമകറ്റി "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നുള്ള പ്രാർത്ഥന ഉയരുമ്പോൾ ജീവിതവും പ്രതീക്ഷാനിർഭരമാകും. അശാന്തി ശാന്തിയാകും. അവിശ്വാസം വിശ്വാസത്തിനു വഴിമാറും. ഭയം ധൈര്യമായി മാറും...

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മാളിയേക്കൽ**

ചീഫ് എഡിറ്റർ

# ദിദിമോസ്

ജൂലൈ 2021
കോട്ടപ്പുറം രൂപത ബുള്ളറ്റിൻ

രക്ഷാധികാരി
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

ചീഫ് എഡിറ്റർ
ഫാ. ജോസഫ് മാളിയേക്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. ജോയ് സ്രാമ്പിക്കൽ

എഡിറ്റർ ഇൻ ചാർജ്ജ് & അഡ്വർട്ടൈസ്മെന്റ്
ഫാ. ആന്റണി ഒളാട്ടുപുറത്ത്

അസോസ്സിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ഫാ. ലിജോ മാത്യൂസ് താണിപ്പിള്ളി

എക്സിക്യൂട്ടീവ് എഡിറ്റർ
ടൈറ്റസ് ഗോതുരുത്ത്

സർക്കുലേഷൻ മാനേജർ
ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി

പത്രാധിപസമിതി
സിപ്പി പള്ളിപ്പുറം
ജോസഫ് പനക്കൽ
ജോയ് ഗോതുരുത്ത്

ഡി.ടി.പി.
നിഷ സോജൻ

രൂപകല്പന
ഇമേജ് (കിഡ്സ്) കോട്ടപ്പുറം

എഡിറ്റർ
ദിദിമോസ്, വികാസ്
കോട്ടപ്പുറം - 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

| | |
|---|---|
| പൈതൃകാമുഖം | 3 |
| വരാപ്പുഴ അതിരൂപതയും സുറിയാനി വികാരിയത്തുകളും | 4 |
| സെന്റ് തോമസ് ഇന്ത്യയുടെ അപ്പസ്തോലൻ | 6 |
| 'കരുണയോടെ കണ്ണീരൊപ്പാം...' | 9 |
| വി. യൗസേപ്പിതാവ്: ആഗോള തിരുസഭയുടെ സംരക്ഷകൻ | 11 |
| മാല്യങ്കരയുടെ മഹിമ | 13 |
| ഹരിശ്രീ കുറിക്കുമ്പോൾ... | 16 |
| കന്യാമറിയം | 18 |
| OSHJ സഭ | 16 |
| യഥാർത്ഥമായ ആരാധന | 19 |
| വാർത്താജാലകം | 22 |



റൈറ്റ് റവ.ഡോ.
**ജോസഫ് കാരിക്കശ്ശേരി**



# പൈതൃകാമുഖം

“നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന് നിനക്ക് വഴി തെളിച്ചുതരും” (സുഭാ 3 : 6).

വിശ്വാസജീവിതത്തിന്റെ സ്ഥായിയായ മനോഭാവം ദൈവത്തിലുള്ള പൂർണ്ണമായ ആശ്രയമാണ്. ജീവിതത്തിന്റെ വരും വിനാഴികകളെക്കുറിച്ച് ആകുലരാകാതെ ചെയ്യുന്ന ഓരോ പ്രവൃത്തികളിലും, മുന്നോട്ടുവയ്ക്കുന്ന ഓരോ കാലടികളിലും അദൃശ്യനായ ദൈവത്തിന്റെ സംരക്ഷണം ഉണ്ട് എന്നുള്ള ഉറച്ച ബോധ്യം എപ്പോഴും നമുക്കുണ്ടാകണം. വി. തോമസ് അപ്പസ്തോലന്റെ വിശ്വാസ പാരമ്പര്യത്തിൽ വളർന്നുവരുന്ന വിശ്വാസ സമൂഹത്തിലും കാതലായി ഉൾച്ചേരേണ്ടത് ഈ ഒരു ദൈവാശ്രയ ബോധമാണ്.

പ്രതികൂലമായ സാഹചര്യങ്ങൾക്കു നടുവിൽ കതകടച്ച് ഇരിക്കുന്നവർക്ക് വിപരീതമായി വാതായനങ്ങൾ പരക്കെ തുറന്ന് അപരന്റെ ആവശ്യങ്ങളിലേക്ക് സഹായഹസ്തം നീട്ടാൻ, പുറത്തേക്ക് ഇറങ്ങിചെല്ലാൻ ദൈവാശ്രയബോധ്യത്തോടെ മനക്കരുത്ത് കാണിച്ചവനാണ് വി. തോമാശ്ലീഹ. കോവിഡ് മഹാമാരിയുടെ നടുവിൽ കതകടച്ച് ഭവനങ്ങളിൽ ആയിരിക്കുന്നതാണ് സുരക്ഷിതമെന്ന് പറയുമ്പോഴും രോഗികളായവർക്കും മരണപ്പെടുന്നവർക്കും ഭവനങ്ങളിൽ നിസ്സഹായരായവർക്കും സേവനസന്നദ്ധതയോടെ ഇറങ്ങിതിരിക്കുന്നവരുടെ മനസ്സിനും കൈകാലുകൾക്കും ശക്തിപകരുന്നത് ഈ ഒരു ദൈവാശ്രയ ബോധമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. വി. തോമാശ്ലീഹായുടെ ധീരതയോടെയുള്ള വിശ്വാസതീക്ഷണത തന്നെയാണ് ഇന്നിന്റെ കാലഘട്ടത്തിൽ നമ്മുടെ രൂപതയിലെ കിഡ്സിന്റെ കീഴിലുള്ള സമരിറ്റൻസ് ഗ്രൂപ്പിനും, അതുപോലെ ഓരോ ഇടവകകളെയും പ്രദേശങ്ങളെയും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുപോരുന്ന Task force നും സംഘടനകളിലെ ഓരോ അംഗങ്ങൾക്കും അവർക്ക് നേതൃത്വം നൽകുന്നവർക്കും ഉള്ളത്.

“ദുരിതങ്ങളിൽ അകപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു. എന്റെ പ്രാർത്ഥന കേട്ട് അവിടുന്ന് എന്നെ മോചിപ്പിച്ചു” (സങ്കീ 118 : 5).

സങ്കീർത്തകന്റെ ഈ വാക്കുകളെ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് കർത്താവിനെ വിളിച്ച് ഇടതടവില്ലാതെ പ്രാർത്ഥിക്കാം. വിശ്വാസജീവിതത്തിന് മങ്ങലേൽക്കുന്ന സാഹചര്യത്തിലൂടെയാണ് നാം യാത്രചെയ്യുന്നത്. പഴയതുപോലെ സ്വതന്ത്രമായി ദൈവാലയത്തിൽ പോകുവാനോ കർത്താവിന്റെ വിശുദ്ധ ബലി അർപ്പിക്കുവാനോ സാധിക്കാത്ത വിധത്തിൽ നിയന്ത്രണങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടു പോകുന്നു. ഇവിടെയാണ് ഗാർഹികസഭയാകുന്ന കുടുംബത്തിന് പ്രാധാന്യം കൂടിവരുന്നത് എന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ഓരോ കുടുംബവും ഓരോ ദൈവാലയവും അൾത്താരയുമായി മാറണം. ഒന്നിച്ചുള്ള കുടുംബപ്രാർത്ഥനകൾ വിശുദ്ധ ബലിയർപ്പണമായി രൂപാന്തരപ്പെടണം. എല്ലാവരും ഒന്നിച്ച് ഭക്ഷണം കഴിക്കുമ്പോൾ പരസ്പരം സ്നേഹം കൈമാറുന്ന നിമിഷങ്ങളായി മാറണം. അങ്ങനെ ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും നമ്മുടെ കുടുംബങ്ങളിൽ എന്നും നിലനിൽക്കും.

“ഇതും കടന്നുപോകും.” ദൈവത്തിന്റെ ഇടപെടലിനായും അവിടുന്ന് ഒരുക്കിയിരിക്കുന്ന രക്ഷാകരമായ സമയത്തിനായും വിശ്വാസതീക്ഷണതയോടെ പ്രാർത്ഥിച്ചും പ്രവർത്തിച്ചും നമുക്ക് മുന്നോട്ടുപോകാം. ദൈവം എല്ലാവരേയും കാത്തുസംരക്ഷിക്കുമാറാകട്ടെ.



ഫാ.ജോബി കാട്ടാശ്ശേരി

# വരാപ്പുഴ അതിരൂപതയും സുറിയാനി വികാരിയത്തുകളും

**1886** സെപ്തംബർ 1-ാം തിയ്യതി 13-ാം ലിയോ പാപ്പ പുറപ്പെടുവിച്ച 'ഹുമാനേ സാലുത്തീസ് ഔക്തോർ' എന്ന തിരുവെഴുത്തു പ്രകാരം ഭാരത ഹയരാർക്കി സ്ഥാപിതമായി. അതുവഴി ഭാരതത്തിൽ നിലവിൽ ഉണ്ടായിരുന്ന വികാരിയത്തുകൾ രൂപതകളായി ഉയർത്തിയതിനോടൊപ്പം വരാപ്പുഴ വികാരിയത്തിനെ അതിരൂപതയാക്കുകയും ചെയ്തു. വരാപ്പുഴ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലിത്തയായി ആർച്ച് ബിഷപ്പ് ലെയോനാർഡ് മെല്ലാനോ തന്നെ നിയുക്തനായി. അതിരൂപത അദ്ധ്യക്ഷനായി നിയുക്തനായ അദ്ദേഹത്തെ വരാപ്പുഴ അരമനയിലേക്ക് ആഘോഷപൂർവ്വം കൊണ്ടുപോയത് പള്ളിപ്പുറം മഞ്ഞുമാത പള്ളിയിൽ നിന്നായിരുന്നു. ഭാരത ഹയരാർക്കി സ്ഥാപിതമായെങ്കിലും സുറിയാനി ക്രിസ്ത്യാനികൾ അപ്പോഴും വരാപ്പുഴ അതിരൂപതയുടെ കീഴിൽ ആയിരുന്നു. ഇപ്രകാരം ലത്തീൻ ഭരണത്തിൽ ആയിരുന്ന ക്രിസ്ത്യാനികൾ മുഴുവനും സ്വയംഭരണാവകാശത്തിനായി മുറവിളി കൂട്ടിയപ്പോൾ പ്രശ്നപരിഹാരത്തിനായി 1887 ൽ സുറിയാനിക്കാരെ വരാപ്പുഴ അതിരൂപതയുടെ ഭരണത്തിൽ നിന്നും വിമുക്തമാക്കിക്കൊണ്ടും അവരുടെ ചുമതല സഹായമെത്രാൻ മർസലിൻ ബെരാർഡിക്കു നൽകിക്കൊണ്ടും ലിയോ 13-ാമൻ മെയ് 20-ാം തിയ്യതി 'ക്വാദ് ജെം പ്രിദേം' എന്ന തിരുവെഴുത്തു വഴി സുറിയാനി വികാരിയത്തുകൾ രൂപീകരിച്ചു. അങ്ങനെ തൃശ്ശൂർ, കോട്ടയം എന്നീ രണ്ടു വികാരിയത്തുകൾ സ്ഥാപിതമായി.

തൃശ്ശൂർ വികാരിയത്തിന്റെ ഭരണാധികാരിയായി മോൺ. അംഡാൾഫ് മെഡ്ലികോട്ടിനെയും, കോട്ടയം വികാരിയത്തിന്റെ ഭരണാധികാരിയായി ഈശോസഭാംഗമായ മോൺ. ചാൾസ് ലെവിഞ്ഞിനെയും നിയമിച്ചു. കോട്ടയം വികാരിയത്തിന്റെ കീഴിലുണ്ടായിരുന്ന ചങ്ങനാശേരി ക്രിസ്ത്യാനികളും കോട്ടയം ക്നായ ക്രിസ്ത്യാനികളും ഒരിക്കലും യോജിച്ചുപോയിരുന്നില്ല. ഇത് പുതിയ പ്രശ്നങ്ങൾക്ക് ഇട വരുത്തി. വീണ്ടും ലെയോ 13-ാമൻ പാപ്പ 1896 ജൂലൈ 24 ന് സുറിയാനിക്കാരുടെ വികാരിയത്തുകൾ 'ക്വാ റേയി സാക്രെ' എന്ന തിരുവെഴുത്തുവഴി കോട്ടയം വികാരിയത്ത് നിർത്തലാക്കിക്കൊണ്ട് തൃശ്ശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നിങ്ങനെ മൂന്നു വികാരിയത്തുകൾ രൂപം നൽകി.

സുറിയാനിക്കാരുടെ ആഗ്രഹപ്രകാരം ജോർജ്ജ് മെനാച്ചേരി, ലൂയിസ് പാഴേപറമ്പിൽ, മാത്യു മാക്കീൽ എന്നിവരെ യഥാക്രമം തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി വികാരിയത്തുകളുടെ വികാരി അപ്പസ്തോലിക്കമാരായി നിയമിതരായി. 1911 ആഗസ്റ്റ് 29 ന് തെക്കുംഭാഗക്കാർക്കായി കോട്ടയം വികാരിയത്ത് സ്ഥാപിച്ചു. കേരളസഭയിലെ ചരിത്രപ്രാധാന്യമുള്ള ഈ അനുഭവങ്ങൾ അരങ്ങേറുന്നതിനിടയിൽ മലബാർ വികാരിയത്തിന്റെ പ്രമുഖശില്പിയായി ലെയൊനാർഡ് മെല്ലാനോ 1987 ആഗസ്റ്റ് 19-ാം തിയ്യതി മഞ്ഞുമ്മൽ ആശ്രമത്തിൽ വച്ചു മരിച്ചു.

1904 ൽ വരാപ്പുഴ അതിരൂപതയുടെ ആസ്ഥാന മന്ദിരം എറണാകുളത്തേക്ക് മാറ്റി സ്ഥാപിച്ചു. ദീർഘവീക്ഷണത്തോടെ ഈ നടപടിക്രമങ്ങൾക്ക് അമരക്കാരനായത് ബർണാർഡ് മെത്രാപ്പോലിത്തയായിരുന്നു. ഈ പ്രധാന തീരുമാനത്തിലേക്ക് അദ്ദേഹത്തെ നയിച്ചത് വരാപ്പുഴ ദ്വീപിന്റെ അന്നത്തെ യാത്രാസൗകര്യമില്ലായ്മയായിരുന്നു. മാത്രവുമല്ല, അതിരൂപത വിശ്വാസികളുടെ 40% താമസിച്ചിരുന്നത് എറണാകുളം നഗരത്തിന്റെ 10 കിലോമീറ്റർ ചുറ്റളവിലായിരുന്നു. വ്യവസായ വാണിജ്യ മേഖലകളിലും സാമൂഹിക സാംസ്കാരിക രംഗങ്ങളിലും എറണാകുളത്തിന് വരാൻപോകുന്ന പുരോഗതി മുൻകൂട്ടി കണ്ടുകൊണ്ടാണ് ഈ തീരുമാനം അദ്ദേഹം കൈക്കൊണ്ടത്. പുതിയ അതിരൂപതാമന്ദിരത്തിന്റെ തൊട്ടു പടിഞ്ഞാറ് കായൽത്തീരം ആയിരുന്നതിനാൽ അടിസ്ഥാനമിടുന്നതിനു മുൻപ് അതിരൂപതയിൽ അന്നുണ്ടായിരുന്ന എല്ലാ വൈദികരും നേരിട്ടുവന്ന് ഓരോ കല്ല് അടിത്തറയിൽ വിരിച്ചിരുന്നു. പ്രസിദ്ധ മിഷനറിയും ശില്പകലാവിദഗ്ദ്ധനുമായിരുന്ന ബ്രദർ ലിയോ ഒ.സി.ഡി.യാണ് ഈ മന്ദിരത്തിന്റെ രൂപരേഖ തയ്യാറാക്കിയത്. അതിസുന്ദരമായ ഒരു വാസ്തുശില്പമായിരുന്നു അദ്ദേഹം തയ്യാറാക്കിയതെങ്കിലും ആർഭാടങ്ങളൊക്കെ ബർണാർഡ് മെത്രാപ്പോലിത്ത ഒഴിവാക്കി ഇന്നു കാണുന്നവിധം ഈ കെട്ടിടം പണിതീർത്തു.

ബർണാർഡ് മെത്രാപ്പോലിത്തയുടെ ഭരണശേഷം 1919 ഏപ്രിൽ 28 ന് വരാപ്പുഴ അതിരൂപതയുടെ സാരഥ്യം ഏയ്ഞ്ചൽ മേരി പെരസ് മെത്രാപ്പോലിത്തയുടെ കൈകളിലായി. അതിരൂപതയെ ആധുനികവത്കരിക്കുന്നതോടൊപ്പം സഭാ ഭരണത്തിനായി തദ്ദേശ വൈദികരെ വാർത്തെടുക്കുന്നതിന് ദത്തശ്രദ്ധനായിരുന്നു. കൂടാതെ 1920 ൽ ആദ്യമായി ഫാ. ജോസഫ് അട്ടിപ്പേറ്റി എന്ന യുവവൈദികനെ ഉന്നതവിദ്യാഭ്യാസത്തിനായി റോമിലെ പ്രൊപ്പഗാന്ത കോളേജിലേക്കയച്ചു. ഭരണസംവിധാനത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയ മെത്രാപ്പോലിത്ത 1921 ൽ തദ്ദേശീയനായ ഫാ. ജോർജ്ജ് കൂർസ് അറക്കലിനെ അതിരൂപതയുടെ വികാരി ജനറലായി നിയമിച്ചു. പല ഉന്നതസ്ഥാനങ്ങളിലും നാട്ടുകാരായ വൈദികർക്ക് അദ്ദേഹം ചുമതല നൽകി. ഇതേസമയംതന്നെ വരാപ്പുഴ വികാരിയത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ ഇന്നത്തെ കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറത്തിന്റെ അഭിമാനമായ ബ്രദർ റോക്കി പാലക്കലിന്റെയും ബെർണാർഡ് മെത്രാപ്പോലിത്തയുടെയും മറ്റു വൈദികരുടെയും ശ്രമഫലമായി ഉയർന്നുവന്ന മിഷനറി പ്രവർത്തനങ്ങളുടെ തുടർച്ചയായി 1930 ൽ ഈ ഭാഗത്തെ വിഭജിച്ച് വിജയപുരം രൂപത രൂപീകരിക്കുകയും ഫാ. ബെനവന്തൂർ അരാനയെ മെത്രാനാക്കുകയും ചെയ്തു.





ഫാ. അനീഷ് പുത്തൻപറമ്പിൽ

# സെന്റ് തോമസ് ഇന്ത്യയുടെ അപ്പസ്തോലൻ

മറ്റുള്ളവരുടെ വിശ്വാസത്തിൽ നിന്നും എന്നതിനേക്കാൾ സ്വന്തം വിശ്വാസത്തിൽ നിലനിന്നുകൊണ്ട് കർത്താവിനു വേണ്ടി മരിക്കാൻ തയ്യാറായ 'ദിദിമോസ്' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വി. തോമസ് അപ്പസ്തോലന്റെ തിരുനാൾ മംഗളങ്ങൾ നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും സ്നേഹത്തോടെ നേരുന്നു. തോമസ് ഗലീലിയിൽ ഒരു എളിയ കുടുംബത്തിലാണ് ജനിച്ചതെന്ന് പറയപ്പെടുന്നു. പക്ഷേ, അദ്ദേഹം ഒരു മത്സ്യത്തൊഴിലാളിയാണ് എന്നതിന് ഒരു സൂചനയുമില്ല. അവൻ ഒരു യഹൂദനായിരുന്നു. എന്നാൽ അവൻ എങ്ങനെയാണ് ക്രിസ്തുവിന്റെ അപ്പോസ്തലനായി തീർന്നതെന്നതിന് ഒരു വിവരവുമില്ല. യോഹന്നാന്റെ സുവിശേഷത്തിൽ അദ്ദേഹം സവിശേഷമായ ഒരു പങ്കുവഹിക്കുന്നു. വിശ്വാസക്കുറവാണ് തോമസിനെ പലപ്പോഴും അപലപിക്കുന്നത്. എന്നാൽ തോമസും ധൈര്യശാലിയായിരുന്നു. അപകടകരമായ സമയങ്ങളിൽ യേശുവിനോടൊപ്പം നിൽക്കാൻ തയ്യാറായിരുന്നു. അദ്ദേഹം നിരന്തരം സത്യം അന്വേഷിച്ചു. അന്വേഷണാത്മക കുട്ടിയെപ്പോലെ അവൻ നിരന്തരം ചോദ്യങ്ങൾ ചോദിച്ചു. വിശുദ്ധ ഗ്രന്ഥത്തിലെ യേശുവിന്റെ ദൈവത്വത്തിന്റെ വ്യക്തമായ പ്രഖ്യാപനമാണ് "എന്റെ കർത്താവേ, എന്റെ ദൈവമേ!" എന്ന അദ്ദേഹത്തിന്റെ അത്ഭുതകരമായ മൊഴികൾ.

എ.ഡി 52 ൽ സെന്റ് തോമസ് വന്നിറങ്ങിയ സ്ഥലം സെന്റ്

തോമസ് അപ്പസ്തോലൻ മുസ്രിസിൽ (ഇപ്പോൾ കൊടുങ്ങല്ലൂർ) വന്നിറങ്ങി. ഇന്ത്യയിൽ ക്രിസ്തുമതത്തിന്റെ ഉത്ഭവം ഇവിടെയാണെന്ന് വിശ്വസിക്കപ്പെടുന്നു. സെന്റ് തോമസ് അപ്പസ്തോലൻ ഇന്ത്യയിൽ വന്നിറങ്ങിയ സ്ഥലത്താണ് അഴീക്കോട് ജെട്ടി എന്ന മാർത്തോമ പൊന്തിഫിക്കൽ ദേവാലയം സ്ഥിതിചെയ്യുന്നത്. അപ്പസ്തോലന്റെ വിശുദ്ധ തിരുശേഷിപ്പ് ഇവിടെ സൂക്ഷിച്ചിരിക്കുന്നു. ഇത് ദിവസേന ആരാധനയ്ക്കായി തുറന്നുകാട്ടപ്പെടും. ശ്രീകോവിലിനടുത്ത് സെന്റ് തോമസിന്റെ ജീവിത ചരിത്രം പ്രദർശിപ്പിക്കുന്ന മാർത്തോമ സ്മൃതിതരംഗം കാണാം.

സെന്റ് തോമസ് സ്ഥാപിച്ച പള്ളികളാണ് അദ്ദേഹത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളുടെ സത്യവാങ്മൂലം. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിലെ ആരാധനാലയങ്ങൾ വലിയ നിർമ്മിതികളായിരുന്നില്ല. ചെറിയ സുദായങ്ങളുടെ കൂടിക്കാഴ്ച സ്ഥലങ്ങളായിരുന്നു പള്ളികൾ. തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും രാജാക്കന്മാരുടെ കീഴിൽ വലിയ കൊട്ടാരങ്ങളും ക്ഷേത്രങ്ങളും നിലവിലുണ്ടെങ്കിലും കേരളത്തിൽ അങ്ങനെയായിരുന്നില്ല. കാലാവസ്ഥാവ്യതിയാനം കാരണം നിർമ്മാണങ്ങൾ അധികകാലം നീണ്ടുനിന്നില്ല. അവരുടെ മുൻപിൽ സ്ഥാപിച്ച കുരിശാണ് പള്ളികളെ തിരിച്ചറിഞ്ഞത്.

### കൊടുങ്ങല്ലൂർ ചർച്ച് :

പെരിയാർ നദി ആലുവയിൽ രണ്ടായി വിഭജിക്കുകയും മംഗലപ്പുഴ എന്ന ശാഖ കൊടുങ്ങല്ലൂരിന്റെ ഒരു ഭാഗത്തിലൂടെ കടലിലെത്തുകയും ചെയ്യുന്നു. ഈ കടൽതീരത്ത് സ്ഥാപിച്ച പള്ളി എപ്പോൾ നശിപ്പിക്കപ്പെട്ടുവെന്ന് അറിയില്ല. 16-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പോർച്ചുഗീസുകാർ കേരളത്തിലെത്തിയപ്പോൾ സെന്റ് തോമസ്, കന്യകാമറിയം, കൊടുങ്ങല്ലൂരിലെ കുര്യാക്കോസ് സഹാദ എന്നീ പേരുകളിൽ മൂന്നു പള്ളികൾ ഉണ്ടായിരുന്നു. ഒരു ബിഷപ്പിന്റെ ആസ്ഥാനം കൂടിയായിരുന്നു ഇത്. പള്ളികളിലൊന്ന് ക്നായ്തോമ നിർമ്മിച്ചതാണെന്ന് കരുതപ്പെടുന്നു. 9-ാം നൂറ്റാണ്ടിൽ അറബികളും ക്രിസ്ത്യാനികളും തമ്മിലുള്ള ഏറ്റുമുട്ടലിനെ തുടർന്ന് നിരവധി ആളുകൾ സമീപപ്രദേശങ്ങളിലേക്ക് കുടിയേറി. അങ്കമാലി, വാഴാകുളം, കോരാട്ടി, കാഞ്ഞൂർ, മലയാറ്റൂർ എന്നിവിടങ്ങളിലേക്ക് കുടിയേറിയ ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂരിൽ നിന്നുള്ളവരാണെന്ന് വിശ്വസിക്കപ്പെടുന്നു. യഥാസമയം കൊടുങ്ങല്ലൂരിലെ ക്രിസ്ത്യാനികളുടെ എണ്ണം കുറഞ്ഞു.

പുരാതന വിശ്വാസവും ഉപദേശവും അനുസരിച്ച്, തോമസ് ക്രിസ്ത്യാനികൾ എ. ഡി 52 ൽ ഇന്നത്തെ കൊടുങ്ങല്ലൂരിനടുത്തുള്ള ഒരു തടാകത്തിൽ (ക്രാങ്കനൂർ; പുരാതന മുസ്രിസിനു സമീപം) മലങ്കരയിലെ സെന്റ് തോമസിന്റെ വരവിലൂടെയും ഏഴു ഗ്രാമങ്ങളിൽ അദ്ദേഹം സ്ഥാപിച്ച സഭയിലൂടെയും ഉത്ഭവിച്ചു. റോമൻ രേഖകളിൽ മുചിരി എന്ന പരാമർശം സൂചിപ്പിക്കുന്നത് കൊടുങ്ങല്ലൂരിനെയാണ്. ചേരരാജാക്കന്മാരുടെ തലസ്ഥാനമായിരുന്നു അത്. റമ്പാൻ പാട്ടിലെ മാല്യങ്കര കൊടുങ്ങല്ലൂരിലെ തീരദേശത്താണ് സ്ഥിതിചെയ്യുന്നത്. പാരമ്പര്യമനുസരിച്ച്, സെന്റ് തോമസ് കൊടുങ്ങല്ലൂരിലെ ഭരണാധികാരിയെയും കുടുംബത്തെയും 40 ജൂതന്മാർക്കും ക്രിസ്തുവിശ്വാസം പകർന്നു നൽകിയെന്നു പറയുന്നു. കൊടുങ്ങല്ലൂരിൽ ആണ് വി. തോമസ് ആദ്യമായി സുവിശേഷം പ്രസംഗിക്കുകയും ആദ്യത്തെ പള്ളി സ്ഥാപിക്കുകയും ചെയ്തത്. ജൂതന്മാരുടെയും മുസ്ലിംങ്ങളുടെയും ആദ്യത്തെ പള്ളികളുടെ ഇടവും കൊടുങ്ങല്ലൂർ ആയിരുന്നു. ജൂതന്മാരുടെ ചെമ്പ് ഫലകങ്ങളിൽ മുയിരിക്കോട്, സിംഗ്ലി എന്നിങ്ങനെ പരാമർശിച്ച സ്ഥലങ്ങളും കൊടുങ്ങല്ലൂർ ആയിരുന്നു.

### മാർത്തോമ പൊന്തിഫിക്കൽ ദേവാലയം - കൊടുങ്ങല്ലൂർ

എ.ഡി 52 ൽ കൊടുങ്ങല്ലൂരിൽ എത്തിയശേഷം സെന്റ് തോമസ് ആദ്യമായി നിർമ്മിച്ച പള്ളിയാണിത്. പെരിയാർ നദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ഒരു പ്രധാന തീർത്ഥാടന കേന്ദ്രമാണ് പള്ളി. ഇറ്റലിയിലെ ഒർട്ടോണയിൽ നിന്ന് കൊണ്ടുവന്ന സെന്റ് തോമസിന്റെ വലതു കൈ അസ്ഥിയാണ് പള്ളിയിൽ ഉള്ളത്. 3500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇന്തോ-പേഷ്യൻ ശൈലിയിലുള്ള വാസ്തുവിദ്യയുടെ സംയോജനത്തിലാണ് പള്ളി നിർമ്മിച്ചിരിക്കുന്നത്. അപ്പസ്തോലന്റെ ജീവിതവും സമയവും ഉൾക്കൊള്ളുന്ന 30 മിനുട്ട് ദൈർഘ്യമുള്ള ഡോക്യുമെന്ററിയും ഇവിടെയുണ്ട്.

### കോട്ടക്കാവ് പള്ളി - വടക്കൻ പറവൂർ

എറണാകുളം ജില്ലയിലെ നോർത്ത് പറവൂരിലെ സെന്റ്

തോമസാണ് കോട്ടക്കാവ് പള്ളി സ്ഥാപിച്ചത്. ചാപ്പലിൽ സൂക്ഷിച്ചിരുന്ന പേർഷ്യൻ കുരിശ് എ. ഡി 880 ൽ ഒരു പാറയിൽ കൊത്തിയെടുതായി കരുതപ്പെടുന്നു. സെന്റ് തോമസ് പള്ളിയിൽ സ്ഥാപിച്ച ഒരു തടി കുരിശ് 18-ാം നൂറ്റാണ്ടുവരെ കാണപ്പെട്ടിരുന്നുവെങ്കിലും ടിപ്പു സുൽത്താന്റെ ഉപരോധത്തിന് ഇരയായി.

## തോമസ് വിശ്വസ്ത അനുയായി ആയിരുന്നു

ജറുസലേമിൽ നിന്ന് ഏതാനും മൈൽ അകലെയുള്ള യഹൂദിയായിൽ അടുത്തിടെ മരണമടഞ്ഞ ലാസറിനെ സന്ദർശിക്കാനുള്ള തന്റെ ഉദ്ദേശ്യം യേശു പ്രഖ്യാപിച്ചപ്പോൾ, തന്നെപ്പോലെ ജനപ്രീതിയാർജ്ജിക്കാത്ത ഒരാൾക്ക് അപകടകരമാണ് - തോമസ് തന്റെ സഹശിഷ്യന്മാരോടു പറഞ്ഞു : "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (യോഹന്നാൻ 11 : 16). കല്ലെറിയപ്പെടുമെന്നു ഭയന്ന് ശിഷ്യന്മാർ യേശുവിനെ തടയാൻ ആഗ്രഹിച്ചപ്പോൾ, തോമസ് പലപ്പോഴും പ്രകടിപ്പിക്കാത്ത ധൈര്യം പകർന്ന് മറ്റുള്ളവരെ തങ്ങളുടെ യജമാനന്റെ അടുത്തു വരാൻ പ്രചോദനം നൽകി.



## തോമസ് അന്വേഷണ വിദ്യാർത്ഥി

പിന്നീട് യോഹന്നാൻ 14 : 1-5 ൽ വി. തോമസ് ആണ് അവസാന അത്താഴത്തിനു മുൻപ് ഒരു എതിർപ്പ് ഉന്നയിച്ചത്. "തോമസ് അവനോടു ചോദിച്ചു: കർത്താവേ, നീ എവിടേയ്ക്കാണ് പോകുന്നതെന്ന് ഞങ്ങൾക്ക് അറിയില്ല, പിന്നെ വഴി എങ്ങനെ അറിയും?" പന്ത്രണ്ടുപേരുടെ മാതൃകയിലുള്ള തീവ്രതയോടെ യേശുവിന്റെ മരണത്തെയും പുനരുദ്ധാനത്തെയും കുറിച്ചുള്ള പരാമർശത്തെ തോമസ് തെറ്റിദ്ധരിക്കുന്നു. ശുശ്രൂഷയിലെ ഏറ്റവും ആഴമേറിയതും ബുദ്ധിമുട്ടുള്ളതുമായ ഒരു സത്യം പഠിപ്പിക്കാൻ തോമസിന്റെ ചോദ്യം യേശുവിന് അവസരം നൽകുന്നു.

## തോമസ് അപ്പസ്തോലനെ സംശയിക്കുന്നു

അവസാനമായി, കൂടുതൽ പ്രസിദ്ധമായി, പുനരുദ്ധാനത്തിനുശേഷം യേശു ശിഷ്യന്മാർക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ടപ്പോൾ അവൻ അവരോടുകൂടെ ഉണ്ടായിരുന്നില്ല. തോമസാകട്ടെ മറ്റുള്ളവരുടെ വിവരണങ്ങൾ തള്ളിക്കളഞ്ഞു. എട്ടു ദിവസത്തിനുശേഷം തോമസ് തന്റെ വിശ്വാസപ്രവൃത്തി നടത്തി. അവൻ പ്രഖ്യാപിച്ചു, "എന്റെ കർത്താവേ, എന്റെ ദൈവമേ!" വിശ്വാസം ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വിശുദ്ധനെപ്പോലെ കർത്താവിലുള്ള വിശ്വാസം പ്രഖ്യാപിക്കുവാൻ നീരസം കാണിക്കുന്ന പുതിയ തലമുറയോടുള്ള ധീരതയുടെ പ്രഖ്യാപനമാണ് ജൂലൈ 3 നമ്മെ ഓർമ്മപ്പെടുത്തുന്നത്. നഷ്ടപ്പെട്ടതിനെ വീണ്ടെടുക്കാനും, ചിതറിയതിനെ ഒരുമിച്ചു ചേർക്കാനും ഗുരുവും നാഥനുമായ ക്രിസ്തു കാണിച്ച പാതയിൽ നിന്നും വിശ്വാസത്തിന്റെ കതിരുകൾ ഹൃദ്യസ്ഥമാക്കാനും പകുത്തുനൽകുവാനും സ്വന്തം ജീവിതംകൊണ്ടുതന്നെ സാക്ഷ്യം നൽകി തോമസ് അപ്പസ്തോലൻ നമ്മെ പഠിപ്പിച്ചപോലെ അവനുവേണ്ടി മരിക്കുവാനും നമുക്ക് വിശ്വാസത്തിന്റെ വാൾ കൈകളിലെടുക്കാം. ചരിത്രത്തിന്റെ താളുകളിൽ നിന്നും അടർത്തിയെടുത്ത വിശ്വാസത്തിനപ്പുറം സാധാരണക്കാരന്റെ ജീവിതത്തിൽ ആഴ്ന്നിറങ്ങുന്ന ലളിതമായ വിശ്വാസം പകുത്തുനൽകാനും എളിമയും ധീരതയുമുള്ള പുതിയ തലമുറയുടെ വിശ്വാസപ്രബോധകരായി മാറുവാനും നമുക്കു പരിശ്രമിക്കാം.

സിസ്റ്റർ ജോസ്ന സി.ടി.സി



# 'കരുണയോടെ കണ്ണീരൊപ്പാം...'

ഇന്ന് ആധുനികസമൂഹം ആഗോളമായി നേരിടുന്ന വലിയ വെല്ലുവിളികളാണ് കൊറോണ വൈറസ്, പ്രകൃതിക്ഷോഭങ്ങൾ എന്നിവ. ഈ കാലഘട്ടത്തിൽ വിശ്വാസത്തിന് വളരെയേറെ പ്രസക്തിയുണ്ട്. അതോടൊപ്പം അവിശ്വാസത്തിലേക്ക് നയിക്കുന്ന നെഗറ്റീവ് ചിന്താഗതികളും മനുഷ്യനിൽ ഉടലെടുത്തിട്ടുണ്ട് എന്നത് ഒരു സത്യം തന്നെയാണ്. പള്ളികളൊക്കെ അടഞ്ഞുകിടക്കുന്നതും വിശ്വാസികൾക്ക് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനാവാത്തതും ഒരുപാടുപേർക്ക് നോവാകുന്നു. കൊറോണ വൈറസ് മൂലം, മരണവും രോഗവും മൂലം ഒത്തിരി ആളുകൾ വേദനിക്കുകയാണ്. ജോലിയില്ലാതെ, ജോലി ചെയ്യാനാവാതെ വീടുകളിലും ചുറ്റുവട്ടത്തുമായി ഓരോ വ്യക്തികളുടെയും ജീവിതവൃത്തം ചുരുങ്ങിയിരിക്കുന്നു. അതുപോലെ കടലിൽ ന്യൂനമർദ്ദം രൂപപ്പെട്ട് അനേകം കുടുംബങ്ങൾക്ക് നാശം വിതയ്ക്കുകയുണ്ടായി. നമ്മുടെ രൂപതയിലെ കാര, എറിയാട്, അഴീക്കോട് എന്നീ ഇടവകകൾ ഉൾപ്പെട്ട സ്ഥലങ്ങളിലും ഒത്തിരി നാശനഷ്ടങ്ങൾ ഉൾപ്പെടെ കനത്ത ആഘാതമാണ് ഉണ്ടായിട്ടുള്ളത്. ഈ കാലഘട്ടത്തിൽ സഭ എന്തു ചെയ്യുന്നു എന്ന ചോദ്യം ഉയർന്നുവന്നിട്ടുണ്ട്. ദേവാലയങ്ങൾ അടഞ്ഞുകിടക്കുമ്പോഴും ഓരോ ദിനവും ചങ്കുലയ്ക്കുന്ന കരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയായ ക്രിസ്തുവിന്റെ ബലി ലോകത്തിനു മുഴുവനും വേണ്ടിയും ഇടവിടാതെ അർപ്പിക്കപ്പെടുന്നുണ്ട്. മാർച്ച് 27 ന് ശൂന്യമായ വത്തിക്കാൻ ചത്വരത്തിനു മദ്ധ്യേ ഫ്രാൻസിസ് മാർപാപ്പയോടൊപ്പം ലോകം ദിവ്യകാരുണ്യത്തിനു മുമ്പിൽ മുട്ടുകുത്തി ദൈവകാരുണ്യത്തിനു വേണ്ടി യാചിച്ച നിമിഷങ്ങൾ മറക്കാനാവാത്തതാണ്.

കടൽക്ഷോഭം മൂലവും കൊറോണ മൂലവും കോട്ടപ്പുറം രൂപതയിലെ തീരദേശങ്ങളെ കണ്ണീരിലാഴ്ത്തിയ ആകുലതയുടെയും വ്യാകുലതയുടെയും നാളിൽ ആശ്വാസവും പ്രത്യാശയും നൽകുന്ന സാന്നിദ്ധ്യമാകാൻ നമ്മുടെ രൂപതയിലെ ഫാമിലി അപ്പോസ്തലേറ്റിന്റെയും ബി.സി.സിയുടെയും നേതൃത്വത്തിൽ നൽകിയ 'കരുണയോടെ കണ്ണീരൊപ്പാം...' എന്ന സഹായപദ്ധതി ഈ സമയത്ത് ഒത്തിരിയേറെ വിലമതിക്കുന്ന ഒന്നായിരുന്നു. ജൂൺ 14-ാം തിയ്യതി രൂപതയിലെ കാര ഇടവകയിൽ വച്ച് അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി പിതാവിന്റെ അദ്ധ്യക്ഷതയിൽ എം.എൽ.എ ശ്രീ. ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്യുകയുണ്ടായി. കടൽക്ഷോഭം മൂലം ദുരന്തം അനുഭവിക്കുന്ന 35 ഓളം കുടുംബങ്ങൾക്ക് സഹായം കൊടുത്തു. കൂടാതെ 5 ഫൊറോനകളുടെ കീഴിലെ 52 ഇടവകകളിൽ രണ്ടും മൂന്നും നാലും കുടുംബങ്ങൾക്കു വീതം 140 ഓളം പേർക്ക് സഹായം നൽകുകയുണ്ടായി. കടൽക്ഷോഭത്താലും കൊറോണ ബാധയാലും തീരെ അവശതയനുഭവിക്കുന്ന 100 കുടുംബ



ങ്ങൾക്ക് സഹായഭ്യർത്ഥന നടത്തിക്കൊണ്ടുള്ള പോസ്റ്റർ വിവിധ സ്ഥലങ്ങളിലേക്കും വ്യക്തികളിലേക്കും അയച്ചതിന്റെ ഫലമായി സന്മനസ്സുള്ള വ്യക്തികളിൽ നിന്നും പലതുള്ളി പെരുവെള്ളം പോലെ സഹായം കിട്ടുകയും ചെയ്തു. പല നല്ല മനസ്സുകളിലൂടെ ലഭിച്ച തുകയിലൂടെ 140 കുടുംബങ്ങളെ സഹായിക്കുവാൻ സാധിച്ചു. നമ്മുടെ നല്ലിടയൻ ഈ പ്രതിസന്ധിയിലും നമ്മുടെ കരംപിടിച്ച് കൂടെയുണ്ടായിരുന്നു. വി. യോഹന്നാൻ എഴുതിയ സുവിശേഷം 21-ാം അദ്ധ്യായത്തിൽ യേശു കടൽക്കരയിൽ വന്നിട്ട് ചോദിക്കുന്നുണ്ട്, "കുഞ്ഞുങ്ങളെ നിങ്ങളുടെ പക്കൽ മീൻ വല്ലതും ഉണ്ടോ?" എന്ന്. "ഇല്ല" എന്നവർ ഉത്തരം പറഞ്ഞപ്പോൾ അവൻ പറഞ്ഞു, "വള്ളത്തിന്റെ വലത്തു ഭാഗത്ത് വല വീശുക." വചനം പറയുന്നു, "അപ്പോൾ വലയിലകപ്പെട്ട മത്സ്യത്തിന്റെ ആധിക്യം നിമിത്തം അതു വലിച്ചു കയറ്റാൻ പോലും അവർക്കു കഴിഞ്ഞില്ല." നമ്മുടെ കർത്താവ് കാരുണ്യവാനാണ്. കണ്ണീരൊപ്പുന്നവനാണ്. അവനറിയാം എന്തുചെയ്യണമെന്ന്. ഈ സഹായപദ്ധതിയും ഈശോയുടെ ഇടപെടലാണ്. അവിടുന്ന് തന്നെ സുമനസ്സുകളെ ഒരുക്കുകയാണ്. ഇനിയും നല്ല വ്യക്തിത്വങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കാരണം കടൽക്ഷോഭത്തിൽപ്പെട്ട ഇടവകകളിൽ ചെന്നപ്പോൾ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾ കടൽവെള്ളത്തോടൊപ്പം അടിച്ചുകയറിയ മണൽമൂലം വാസയോഗ്യമല്ലാതായതും നിത്യോപയോഗസാധനങ്ങൾ നശിച്ചതും മൂലം വലിയ നാശനഷ്ടങ്ങളുണ്ടായതും കാണാനിടയായി. കൊറോണ വന്നതുമൂലം ജോലിക്കുപോകാതെ പല കുടുംബങ്ങളും ഇന്നും പട്ടിണിയിലും പ്രതിസന്ധിയിലും കഴിയുകയാണ്. ഈ അവസരത്തിൽ ഫാമിലി അപ്പോസ്തലേറ്റിന്റെയും ബി.സി.സി യുടെയും നേതൃത്വത്തിൽ നൽകിയ തുക അവർക്ക് വലിയ ആശ്വാസമായി മാറി. വാങ്ങിയവർ കണ്ണീരോടെ കൈകൂപ്പി നിന്നത് ഓർക്കുകയാണ്. പ്രിയരേ, നമുക്കും ഉണരാം! പ്രാർത്ഥിക്കാം! അവർക്കുവേണ്ടി...കരുണയോടെ കണ്ണീരൊപ്പാം...



രതീഷ് ഭജനമഠം, ആലപ്പുഴ

# വി. യൗസേപ്പിതാവ്: ആഗോള തിരുസഭയുടെ സംരക്ഷകൻ



'ദിവ്യരക്ഷകസഭാ' സ്ഥാപകനും വേദപാരംഗതനുമായ വി. അൽഫോൻസ് ലിഗോരി നന്മരണത്തിനായി വി. യൗസേപ്പിനോടുള്ള പ്രാർത്ഥനയിൽ മൂന്നു കാര്യങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. 1. ഈശോയുടെ പിതാവും സുഹൃത്തുമായി വിശുദ്ധനെ കാണുക. 2. മരണസമയത്ത് നമ്മോട് ഘോരസമരം ചെയ്യുന്ന അശുദ്ധാത്മാക്കൾക്കെതിരെ സഹായകമാകുന്ന വരദാനങ്ങളുമായി വി. യൗസേപ്പ് വരുന്നു. 3. വിശുദ്ധന്റെ മരണസമയത്ത് സമാധാന സാന്നിദ്ധ്യമായിരുന്ന യേശുവും മറിയവും നമ്മുടെ മരണസമയത്ത് വരുവാൻ അവിടുന്നു പ്രാർത്ഥിക്കുന്നു - എന്നിവയാണ് അത്. വിശുദ്ധനോട് വലിയ ഭക്തിയുണ്ടായിരുന്ന ലിസ്യൂവിലെ വി. കൊച്ചുത്രേസ്യ, 'കന്യകകളുടെ മദ്ധ്യസ്ഥനായ വന്ദ്യപിതാവ്' എന്നാണ് അദ്ദേഹത്തെ ആദരിച്ചു പറഞ്ഞിരുന്നത്. നേരത്തെ മഠത്തിൽ ചേരാനുള്ള പ്രത്യേക അനുമതിക്കായി പോപ്പിനെ കാണാൻ റോമിലേക്കു പോയ തീർത്ഥാടനയാത്രയെ വി. കൊച്ചുത്രേസ്യ, വി. യൗസേപ്പിന്റെയും പാരീസിലെ വിജയമാതാവിന്റെയും മദ്ധ്യസ്ഥത്തിലാണ് സമർപ്പിച്ചത്. പുണ്യചരിതയായ മേരി അഗ്രേദായ്ക്ക് പരിശുദ്ധ മറിയം ഇപ്രകാരമാണ് വെളിപ്പെടുത്തിയത്. എന്റെ വിരക്ത ഭർത്താവിന് അത്യുന്നതൻ നൽകിയിട്ടുള്ള അവകാശങ്ങളെയും ആനുകൂല്യങ്ങളെയും പ്രത്യേക സിദ്ധികളെയും ദിവ്യരാജന്റെ പക്കൽ അദ്ദേഹത്തിനുള്ള മാദ്ധ്യസ്ഥ ശക്തിയെയും കുറിച്ച് ഈ ലോകത്തിലുള്ള മക്കൾ അജ്ഞരാണ്. എന്നാൽ അത്യുന്നതന് അദ്ദേഹം ഏറെ പ്രിയനാണ്. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിലുള്ള ശക്തവും സാധിതവുമായ രക്ഷയുടെ വഴികൾ നേടാത്തതിൽ ശിക്ഷിക്കപ്പെട്ടവർ വിധിദിവസം കയ്പോടെ കരയും." വിശുദ്ധനോട് ആഴമായ ഭക്തിയുണ്ടായിരുന്ന വി. ജോസഫ് മറേല്ലോ 1878 ൽ താൻ സ്ഥാപിച്ച സന്യാസ സഭയ്ക്ക് വി. യൗസേപ്പിതാവിന്റെ സമർപ്പിതർ, O.S.J. എന്ന നാമമാണ് നൽകിയത്. വി. മറേല്ലോ ഇപ്രകാരമാണ് ഉപദേശിച്ചത്. "ഓരോരുത്തരും ഈ ലോകത്തിൽ ആദ്യം യേശുവിന്റെ താല്പര്യങ്ങളെ സംരക്ഷിച്ച് നമ്മുടെ മാതൃകയായ വി. യൗസേപ്പിൽ നിന്നും പ്രചോദനങ്ങൾ സ്വീകരിക്കണം."

വാഴ്ത്തപ്പെട്ട 9-ാം പീയൂസ് പാപ്പ 1870 ഡിസംബർ 8 പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ പ്രസിദ്ധപ്പെടുത്തിയ 'ക്വേമാദ്മോദും ദേവൂസ്' എന്ന ഡിക്രി വഴി വി. യൗസേപ്പിനെ തിരുസഭയുടെ മദ്ധ്യസ്ഥനും സംരക്ഷകനുമായി പ്രഖ്യാപിച്ചു. ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിൽ അതിൽ പങ്കെടുത്ത ബിഷപ്പുമാരുടെ അപേക്ഷ അനുസരിച്ചാണ് 9-ാം പീയൂസ് പാപ്പ അപ്രകാരം പ്രഖ്യാപിച്ചത്. രോഗികളുടെയും നന്മരണത്തിന്റെയും മദ്ധ്യസ്ഥനായി അതുവരെ വിശുദ്ധനെ തിരുസഭയിൽ പ്രത്യേകം വണങ്ങിയിരുന്നു. ഒന്നര നൂറ്റാണ്ടു മുൻപ് തിരുസഭയുടെ സംരക്ഷകനായി വി. യൗസേപ്പിതാവിനെ പ്രഖ്യാപിക്കുമ്പോൾ മുതലാളിത്തത്തിന്റെയും വ്യവസായവത്കരണത്തിന്റെയും ഫലമായുള്ള വിവിധ മേഖലകളിലെ തകർച്ചകളിലൂടെ ലോകം കടന്നുപോവുകയായിരുന്നു. കുടുംബ

ജീവിതത്തിനും വിശ്വാസജീവിതത്തിനും ഏറെ വെല്ലുവിളികൾ നിറഞ്ഞ ഒരു കാലമായിരുന്നു അത്. തുടർന്ന് 1889 ആഗസ്റ്റ് 15 ന് 'ക്വാം ക്വാംപ്ലൂറിയസ്' എന്ന ചാക്രികലേഖനത്തിലൂടെ ലെയോ 13-ാമൻ പാപ്പ ദൈവശാസ്ത്രപരമായി വി. യൗസേപ്പിനെക്കുറിച്ച് വിവരിച്ചുകൊണ്ട് വിശുദ്ധന്റെ മഹനീയ മാതൃകകൾ എല്ലാ ക്രിസ്തീയ കുടുംബങ്ങൾക്കുമായി നൽകി. ആ ചാക്രികലേഖനത്തിന്റെ തുടക്കത്തിൽ വി. യൗസേപ്പിനോടുള്ള ഭക്തിയുടെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം ഉദ്ബോധിപ്പിച്ചു. തുടർന്ന് സഭയ്ക്ക് എതിരായ അന്ധകാരശക്തികളെ കുറിച്ച് വിവരിച്ചു. പാപ്പയ്ക്കും സഭയ്ക്കും എതിരെ പ്രസിദ്ധീകരിച്ചിരുന്ന ഗ്രന്ഥങ്ങൾ, യുക്തിവാദം, നാസ്തികവാദം, പ്രകൃതി നിയമങ്ങൾക്ക് മുഖ്യത്വം നൽകുന്ന സിദ്ധാന്തങ്ങൾ - തുടങ്ങിയവ സഭയ്ക്ക് വലിയവെല്ലുവിളികൾ തന്നെയായിരുന്നു. സഭയ്ക്കെതിരായ തിന്മയുടെ ശക്തികളെ തോല്പിക്കാൻ വി. യൗസേപ്പിന്റെ മാദ്ധ്യസ്ഥം യാചിക്കാൻ അദ്ദേഹം ഈ ചാക്രികലേഖനത്തിലൂടെ വിശ്വാസിസമൂഹത്തോട് ആഹ്വാനം ചെയ്തു. വി. യൗസേപ്പിനെക്കുറിച്ചുള്ള ചാക്രികലേഖനത്തിൽ ലെയോ 13-ാമൻ പാപ്പ ഇപ്രകാരം എഴുതി, "താൻ തലവനായിരുന്ന തിരുകുടുംബത്തിന്റെ സംരക്ഷകനും അധികാരിയും നിയമവിധേയനായ പ്രതിരോധവും ജോസഫായിരുന്നു. അദ്ദേഹം ഇപ്പോൾ തന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥം ഉപയോഗിച്ച് ക്രിസ്തുവിന്റെ സഭയെ പൊതിയുകയും പ്രതിരോധിക്കുകയും ചെയ്യുന്നു." വി. യൗസേപ്പിനോടുള്ള സഭയുടെ ഭക്തിയും ബഹുമാനവും വളർത്തുന്നതിനു വേണ്ടി പുറപ്പെടുവിച്ച ഈ ചാക്രികലേഖനം അവസാനിക്കുന്നത് 'ഭാഗ്യപ്പെട്ട വി. യൗസേപ്പേ...' എന്ന പ്രാർത്ഥനയോടുകൂടിയാണ്. ജപമാലയുടെ സമാപനത്തിൽ നാം ഈ പ്രാർത്ഥനയാണ് ചൊല്ലുന്നത്. ഈ പ്രാർത്ഥന ഭക്തിപൂർവ്വം ചൊല്ലുന്നവർക്ക് 7 വർഷത്തെ ദണ്ഡവിമോചനമാണ് തിരുസഭ കല്പിച്ചത്. വി. യൗസേപ്പിനോടുള്ള ഭക്തി വളർത്താൻ രണ്ടാം വത്തിക്കാൻ കൗൺസിൽ വലിയ പങ്കുവഹിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സംരക്ഷകനായി വി. ജോൺ 23-ാമൻ പാപ്പ വി. യൗസേപ്പിനെ പ്രഖ്യാപിച്ചത് അദ്ദേഹം തിരുസഭ സംരക്ഷകനാണ് എന്നതിനുള്ള അംഗീകാരമായിരുന്നു. റോമൻ റീത്തിലെ ദിവ്യബലിയിലെ സ്തോത്രയാഗ പ്രാർത്ഥനയിൽ വി. യൗസേപ്പിന്റെ പേരു ചേർക്കാൻ 1962 ൽ വി. ജോൺ 23-ാമൻ പാപ്പ കല്പിച്ചു. (തുടരും...)



ഫാ. റോക്കി റോബി കളത്തിൽ

# മാല്യങ്കരയുടെ മഹിമ



ഭാരത അപ്പോസ്തലനായ തോമാശ്ലീഹയും മാല്യങ്കരയും തമ്മിലുള്ള ബന്ധം വേർപിരിക്കാനാവാത്തതാണ്. ക്രിസ്തുവർഷം 52 ൽ കൊടുങ്ങല്ലൂരിലെ മുസിരിസ് തുറമുഖത്തിനു സമീപം മാല്യങ്കരയിൽ തോമശ്ലീഹ കപ്പലിറങ്ങിയെന്നാണ് കേരള ക്രൈസ്തവരുടെ ശക്തമായ പാരമ്പര്യം. സമകാലീന ചരിത്രരേഖകൾ ഇല്ലെങ്കിൽ പോലും ചരിത്രത്തോട് കിടപിടിക്കുന്ന മഹിതമായ ഈ പാരമ്പര്യം തള്ളിക്കളയാനാവാത്തതാണ്. മാല്യങ്കരയിൽ നിന്നാണ് കേരളസഭക്ക് മലങ്കരസഭ എന്ന പേര് കിട്ടിയതെന്ന അഭിപ്രായവുമുണ്ട്. വിശുദ്ധ തോമസ് അപ്പോസ്തലനെ ഭാരതവുമായി ബന്ധപ്പെടുത്തുന്ന പാരമ്പര്യങ്ങളെ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വേർതിരിക്കാം. അതിൽ പാശ്ചാത്യ പാരമ്പര്യങ്ങൾ മൂന്നാം നൂറ്റാണ്ടിൽ രേഖപ്പെടുത്തപ്പെട്ടവയും ഭാരത പാരമ്പര്യങ്ങൾ പതിനാറാം നൂറ്റാണ്ടിനു ശേഷം ഉള്ളവയുമാണെന്നാണ് പണ്ഡിതമതം. ഇതിൽ തലമുറകളായി വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ടു വന്നവയാണ് ഭാരത പാരമ്പര്യങ്ങളിൽ ഭൂരിഭാഗവും എന്ന അഭിപ്രായവുമുണ്ട്. മാർഗ്ഗംകളി പാട്ടും റമ്പാൻ പാട്ടും വീരടിയാൻ പാട്ടും ഇതിൽ പ്രധാനപ്പെട്ടവയാണ് .

തോമാശ്ലീഹായുടെ ഭാരത സന്ദർശനം, വരവ്, പ്രേഷിതപ്രവർത്തനങ്ങൾ, ദൈവാലയ സംസ്ഥാപനങ്ങൾ, രക്തസാക്ഷിത്വം തുടങ്ങിയവ വിവരിക്കുന്ന പാട്ടാണ് റമ്പാൻ പാട്ട്. 'റമ്പാൻ' എഴുതിയതിനാൽ ആണ് റമ്പാൻ പാട്ട് എന്ന പേര് സിദ്ധിച്ചത്. തോമാശ്ലീഹയുടെ ശിഷ്യന്മാരിൽ ഒരാൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന നിരണത്ത് മാളിയേക്കൽ തോമ എന്ന വൈദികൻ ആണത്രേ ഈ പാട്ടിന്റെ മൂലരൂപത്തിന്റെ കർത്താവ്. ഇപ്പോൾ ലഭ്യമായിരിക്കുന്ന പതിപ്പ് 1601 ൽ അതേ കുടുംബത്തിലെ 48-ാം തലമുറക്കാരനായ തോമ റമ്പാൻ ചുരുക്കി എഴുതിയതാണെന്ന് ഈ പാട്ടിൽ തന്നെ പറയുന്നുണ്ട്. റമ്പാൻ പാട്ട് അനുസരിച്ച് തോമാശ്ലീഹ കപ്പലിറങ്ങിയത് മാല്യങ്കരയിലാണ്. വരികൾ ഇങ്ങനെയാണ് :

"അറബിയായിൽ കപ്പൽ കയറി  
മാല്യങ്കരെ വന്നെത്തിയത്  
അതിവൻ പാറവേൻ മിശിഹാകാലം  
അമ്പതു ധനുവം രാശിയിൽ  
അതിശയ കൃതിയാലഷ്ടദിനംകൊ-  
ണ്ടവിടെ മാർഗ്ഗം സ്ഥാപിച്ചു."

മറ്റൊരിടത്ത് തിരുവഞ്ചിക്കുളം രാജാവിന്റെ മരുമകന്റെ അപേക്ഷപ്രകാരം കപ്പൽ വഴി –

"തർക്കം കൂടാതമ്പത്തൊന്നാം
ധനുവിൽ മാല്യങ്കരെ വന്നു
രാജകുടുംബത്തോടെ കാവ്യർ
മൂവ്വായിരമവിശ്വാസികളും
രാജ്യത്തിങ്കൽവന്നു വസിക്കും
നാല്പതു യൂദജനങ്ങളുമായ്
ഒന്നര വർഷങ്ങൾക്കുള്ളിടയിൽ
മാമ്മോദീസ കൈക്കൊണ്ടു
തെക്കൻ വഴിയായി യാത്രപോയി
മാല്യങ്കരയിൽ ചെന്നെത്തി
തക്കവിധം പോലൊക്കയുമവിടെ
കണ്ടതിനാൽ സന്തോഷിച്ചു."

മാർഗംകളിപ്പാട്ടിലും മാല്യങ്കരയെക്കുറിച്ച് പ്രതിപാദ്യമുണ്ട്. മാർഗ്ഗം കളിപ്പാട്ടിന്റെ കാലം കൃത്യമായി പറയുക സാധ്യമല്ലെങ്കിലും പോർച്ചുഗീസുകാരുടെ ആഗമനത്തിനു മുമ്പാണെന്നു കരുതുന്നതിൽ തെറ്റില്ലെന്ന് ഡോ.പി.ജെ തോമസ് അഭിപ്രായപ്പെടുന്നുണ്ട്. കേരളത്തിൽ വന്ന് ശ്ലീഹ നടത്തിയ പ്രേഷിത പ്രവർത്തനത്തെക്കുറിച്ച് മാർഗ്ഗം കളിപ്പാട്ടിൽ പാടുന്നതിങ്ങനെയാണ് :

"കാലം കഴിഞ്ഞു വീണ്ടും പുറപ്പെട്ടു
കേരളനാടെന്നുകേട്ടു
ഊരടുത്തുള്ളോരു മാലിയാവുംകരെ
ചെന്നവിടത്തിലിരുന്നു.
ഊരാളരോടറിവിച്ചതു മാർഗവും
കേട്ടവരായതിലായി
എപ്പോഴുമെന്നേയും കാത്തരുൾവാനായി
അത്തലണയാതെ കണ്ട്
ഉത്സാഹമേറി പുറപ്പെട്ടു പിന്നെയും ദക്ഷിണ
ദിക്കിനുയാത്ര."

കെ.പി പത്മനാഭമേനോൻ 'കേരള ചരിത്ര'ത്തിൽ തോമശ്ലീഹ പെരിയാർ നദിയുടെ കൊടുങ്ങല്ലൂർ അഴിമുഖത്ത് പള്ളിപ്പോർട്ടിന് അഥവാ പള്ളിപ്പുറത്തിനടുത്തുള്ള മലങ്കരയെന്ന ദ്വീപിൽ എ.ഡി.52 ൽ കപ്പലിറങ്ങിയെന്നാണ് പറയുന്നത്. ബി.മാധവമേനോൻ വിശ്വവിജ്ഞാനകോശത്തിൽ യേശുവിന്റെ പന്ത്രണ്ടു ശിഷ്യമാരിൽ ഒരാളായ തോമശ്ലീഹ ഒന്നാം നൂറ്റാണ്ടിൽ പറവൂർ താലൂക്കിൽപ്പെട്ട മാല്യങ്കരയിൽ കടൽമാർഗ്ഗം വന്നിറങ്ങിയതോടെയാണ് ഇന്ത്യയിൽ ക്രിസ്തുമതം പ്രവേശിച്ചതെന്ന് ഒരു ഐതീഹ്യമുള്ളതായി രേഖപ്പെടുത്തുന്നുണ്ട്. 'സുന്ദരുക്കിൽ നിന്ന് കപ്പൽ കയറി സെന്റ് തോമസും ഹബ്ബാനും ഗൊണ്ടഫോറസിന്റെ തലസ്ഥാമായ കൊടുങ്ങല്ലൂർ ചേന്ദമംഗലത്തിനടുത്തുള്ള മാല്യങ്കരയിൽ ചെന്നിറങ്ങി' എന്ന് പണ്ഡിതനായ എ. ബാലകൃഷ്ണപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്.

ജെ.സി. വിഷറിന്റെ കത്തുകൾ മേജർ ഡ്യൂറി തർജ്ജമ ചെയ്തിട്ടുള്ളതിൽ വി.തോമസ് അപ്പസ്തോലൻ മൈലാപ്പൂരിൽ നിന്ന് പുറപ്പെട്ട് കൊടുങ്ങല്ലൂരിനും പറവൂരിനും മധ്യേയുള്ള മാലിയൻ കരയിൽ വന്നെത്തിയെന്ന് പറയുന്നു. മിശിഹായുടെ ഉദ്ദേശ്യങ്ങളെ ഇന്ത്യയിൽ പ്രചരിപ്പിച്ചു എന്ന് മഹിമപുരാതനകാലം മുതലുള്ള പരമ്പര വൃത്താന്തങ്ങളാൽ തോമാശ്ലീഹക്ക് നൽകപ്പെടുന്നു. പശ്ചിമ തീരത്തുള്ള ക്രിസ്ത്യാനികൾ ഇത്രമാത്രം പൂജ്യമായി കരുതുന്ന ഈ പരമ്പരാഗതമായ സിദ്ധാന്തപ്രകാരം ശ്ലീഹ ഉദ്ദേശം ക്രിസ്താബ്ദം 52 -ൽ ഗ്രീക്കുകാരാൽ മൗസീറീസ് എന്നു പറയപ്പെടുന്നതും മുറിയിക്കോട് എന്ന് യഹൂദരുടെ താമ്ര ശാസനത്തിൽ നാമകരണം ചെയ്തിരിക്കുന്നതുമായ ക്രാങ്കനൂരിനു സമീപമുള്ള മലങ്കരയിൽ അഥവാ കുറെക്കൂടി ശരിയായി പറയുന്നപക്ഷം മാലിയൻ കരയിൽ കപ്പൽമാർഗ്ഗം വന്നെത്തി എന്ന് പ്രസിദ്ധ പണ്ഡിതനായ എഡ്ഗാർ തർസ്റ്റൻ സി.ഐ .ഇ രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യങ്ങളെല്ലാം സ്ഥാപിക്കുന്നത് തോമാശ്ലീഹയുടെ ഭാരത പ്രവേശനത്തിന്റെ വാതിൽ ഇന്ന് കോട്ടപ്പുറം രൂപതാതിർത്തിയിലുള്ള ചെട്ടികാട് ഇടവകയുടെ ഭാഗമായ മാല്യങ്കര തന്നെയാണ് എന്നാണ്. പാരമ്പര്യങ്ങളെയും വസ്തുതകളെയും മറന്ന് മാല്യങ്കരയെ തമസ്ക്കരിച്ച് മറ്റു ചില സ്ഥലങ്ങൾക്ക് ഈ ഖ്യാതി ചാർത്തി കൊടുക്കാനുള്ള ശ്രമങ്ങൾക്ക് ഒരുപാട് വർഷങ്ങളുടെ ചരിത്രമില്ല.. മാല്യങ്കരയിൽ കപ്പലിറങ്ങിയെങ്കിൽ ആദ്യ സഭാസമൂഹത്തെ, പള്ളിയെ, ശ്ലീഹ

പടുത്തുയർത്തിയതും ഇവിടെ തന്നെയാകണം. ഈ വസ്തുതകൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് തോമ ശ്ലീഹയുടെ ഭാരത പ്രവേശനത്തിന്റെ 19-ാം ശതാബ്ദിയോടനു ബന്ധിച്ച് 1953 നവംബർ 14 ന് പൗരസ്ത്യ തിരുസംഘ ത്തലവനും കർദിനാൾ ഡീനുമായിരുന്ന അത്യുന്നത കർദിനാൾ യൂജിൻ ടിസറന്റ്, ശ്ലീഹ ആദ്യമായി കാലുകുത്തിയ മാല്യങ്കരയുടെ മണ്ണിൽ സ്മാരകമണ്ഡപവും തോമാശ്ലീഹയുടെ തിരുസ്വരൂപവും പ്രതിഷ്ഠിച്ചത്.

മാല്യങ്കരയുടെ ചരിത്ര പ്രാധാന്യത്തിന് അടിവരയി ടുന്നതാണ് 1564 ജനുവരി 20 ന് കൊറയ അമാന്തർ എന്ന ജസ്വിറ്റ് വൈദികൻ പോർച്ചുഗലിലേക്കയച്ച കത്തിന്റെ ഉള്ളടക്കം. ഈ കത്തിനെക്കുറിച്ച് ഡോ.പി.ജെ തോമസിന്റെ 'കേരളത്തിന്റെ ക്രിസ്തീയ സാഹിത്യത്തിൽ' ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''ഈശോസഭക്കാരനായ കൊറയ അമാന്തർ 1564 ൽ കൊച്ചിയിൽ നിന്ന് ശീമയ്ക്കെഴുതിയ കത്തിൽ മലങ്കര നസ്രാണികൾ മാർതോമ ശ്ലീഹ മലയാളത്തിൽ കാലുകുത്തിയ ദിനമായ നവംബർ 21 ന് കൊടുങ്ങല്ലൂരിനടുത്തുള്ള മാല്യങ്കരക്ക് തീർത്ഥയാത്ര പോകാറുണ്ടെന്ന് പ്രസ്താവിക്കുന്നു.'' കേരള ക്രൈസ്തവർ ഈ പ്രത്യേകദിനത്തിൽ മാല്യങ്കര തീർത്ഥാടനം നടത്തിയിരുന്നു എന്ന കാരണം മതി തോമശ്ലീഹയും മാല്യങ്കരയും തമ്മിലുള്ള അഭേദ്യമായ ബന്ധം മനസിലാക്കാൻ. ഈ പഴയ കാല തീർത്ഥാടനത്തിന്റെ ഓർമ്മ പുതുക്കി 2011 ജൂലൈ 3 ന് വിശുദ്ധന്റെ രക്തസാക്ഷിത്വ തിരുനാളിൽ മുനമ്പം തിരുക്കുടുംബ ഇടവകാംഗങ്ങൾ മാല്യങ്കര തീർത്ഥാടനം പുനരാരംഭിക്കുകയുണ്ടായി.

മാല്യങ്കരയെപ്പറ്റി പ്രസിദ്ധ ചരിത്രകാരനായ മഫേയി രേഖപ്പെടുത്തുന്നത്, പള്ളിപ്പോർട്ടിന് എതിർവശം വടക്കുവശത്തായി സ്ഥിതിചെയ്യുന്ന സ്ഥലമെന്നത്രേ. പള്ളിപ്പുറം പള്ളിയുടെ വടക്കുഭാഗത്തായി പോർച്ചുഗീസുകാർ പണിതീർത്തതും ഇന്നും നിലനിൽക്കുന്നതുമായ കോട്ടയെപ്പറ്റിയായിരിക്കണം മഫേയി പള്ളിപ്പോർട്ടെന്നു പറയുന്നത്. ഈ കോട്ടയുടെ മുൻഭാഗത്തുകൂടി ഒഴുകുന്ന നദിയുടെ കിഴക്കേ തീരത്ത് അല്പം വടക്കുമാറിയാണ് മാല്യങ്കര സ്ഥിതി ചെയ്യുന്നത്. ഈ സ്ഥലത്തു തന്നെയാണ് കോട്ടപ്പുറം രൂപതയുടെ കീഴിലുള്ള മാല്യങ്കര സെന്റ് തോമസ് തീർഥാടന കേന്ദ്രവും നിലകൊള്ളുന്നത് എന്നതും ശ്രദ്ധേയമാണ്..

കോട്ടപ്പുറം രൂപതക്കും തോമശ്ലീഹയുമായി അടുത്ത ബന്ധമുണ്ട്. 1987 ജൂലൈ 3, ശ്ലീഹയുടെ രക്തസാക്ഷിത്വതിരുനാൾ ദിനത്തിലാണ് 'ക്വേ ആപ്തിയൂസ് ' എന്ന ജോൺ പോൾ രണ്ടാമൻ പാപ്പയുടെ ബൂളവഴി കോട്ടപ്പുറം രൂപത സ്ഥാപിതമാകുന്നതും 'റൊമാനി എത്ത് പൊന്തിഫിച്ചിസ്' എന്ന അപ്പസ്തോലിക എഴുത്തു വഴി മോൺ. ഫ്രാൻസിസ് കല്ലറക്കൽ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനാകുന്നതും. ശ്ലീഹയുടെ ആദ്യ പ്രേഷിത മേഖലകളായ മാല്യങ്കരയും കൊടുങ്ങല്ലൂരുമെല്ലാം ഈ രൂപതാതിർത്തിയിലാണ്. രൂപതയുടെ സ്വർഗ്ഗീയ മധ്യസ്ഥനും തോമശ്ലീഹയാണ്. തോമാശ്ലീഹയുടെ പൈതൃകത്തിന്റെ നേരവകാശികളാണ് കോട്ടപ്പുറം രൂപതാംഗങ്ങൾ.





ഫാ. ലിബിൻ വലിയവീട്ടിൽ

# ഹരിശ്രീ കുറിക്കുമ്പോൾ...

ഒരദ്ധ്യയനവർഷം തുടങ്ങുമ്പോൾ നഷ്ടപ്പെടുന്ന പലതും ഓർത്തുപോകുന്നു. മഴനനഞ്ഞ് പുസ്തകസഞ്ചിയെ നെഞ്ചോടുചേർത്ത് സ്കൂളിലെ ബെഞ്ചിൽ വന്നിരുന്ന നാളുകൾ ഇപ്പോഴും സ്മൃതിയിൽ നിറയുകയാണ്. നിലത്തു വിരിച്ച മണലിൽ അക്ഷരമെഴുതി പഠിച്ച കാലമൊക്കെ കഴിഞ്ഞുപോയി. സ്ലേറ്റും പെൻസിലുംകൊണ്ട് വിദ്യാലയനട കയറിയതൊക്കെ കാണാൻകൂടി വയ്യാതായി. കണ്ണടച്ചു തുറക്കും മുമ്പേ ലോകം വളർന്നുകഴിഞ്ഞു. ഗുരുകുല വിദ്യാഭ്യാസത്തിൽ നിന്ന് ആഗോള സാങ്കേതിക പാഠ്യപദ്ധതിയിലേക്ക്...

ഒരു മനുഷ്യനിലെ ഏറ്റവും നല്ലതിനെ പുറത്തു കൊണ്ടുവരുന്നതിനെ പറയുന്ന പേരാണ് വിദ്യാഭ്യാസമെങ്കിൽ, ചുറ്റുപാടുകളെ നിയന്ത്രിച്ചുകൊണ്ട് കഴിവുകൾ പരമാവധി വികസിപ്പിക്കാൻ വ്യക്തിയെ ശക്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ചൊട്ടയിൽ നിന്ന് ചുടലയിലേക്കുള്ള ഒരുവന്റെ യാത്രയിൽ അവൻ സമാർജ്ജിക്കുന്ന സകലവിധ അനുഭവങ്ങളുടെയും വളർത്തിയെടുക്കുന്ന എല്ലാവിധ വികാസങ്ങളുടെയും ആകെയുള്ള സത്തയാണ് ഇന്ന് വിപുലാർത്ഥത്തിൽ വിദ്യാഭ്യാസമെന്ന് നിർവചിക്കപ്പെടുന്നത്. മനുഷ്യന്റെ പ്രതികരണത്തിലും വിശ്വാസത്തിലും ആശയങ്ങളിലും ആദർശങ്ങളിലും നിത്യനൈമിഷികങ്ങളായ സകല പ്രശ്നങ്ങളിലും വിദ്യാഭ്യാസം സംസ്കാരത്തിന്റെ ഊരും ചൂടും പകരുന്നു. യഥാർത്ഥ വിദ്യാഭ്യാസം തെറ്റ് ദുരീകരിക്കുന്നതിനും ശരി കണ്ടെത്താനുള്ള മാർഗ്ഗമാണെന്നു പല ചിന്തകരും അടിവരയിട്ടു പറയുന്നുണ്ട്.

കിട്ടിയ മാർക്കിന്റെ പേരിൽ മാത്രം വിദ്യാർത്ഥികളെ അളന്ന് തരംതിരിക്കുന്ന മത്സരങ്ങൾക്കുള്ളിലെ മത്സരങ്ങളുടെ ലോകത്താണ് ഇന്ന് നാം. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മാനേജ്മെന്റ്, രക്ഷകർത്താക്കൾ, രാഷ്ട്രം എന്നിവരുടെ ആത്മാർത്ഥമായ കൂട്ടുത്തരവാദിത്വത്തോടെ മാത്രമേ നല്ലൊരു വിദ്യാഭ്യാസ പരിപാടി ആവിഷ്കരിക്കാനാവൂ. പക്ഷേ, വിദ്യാഭ്യാസ മേഖലയിലെ നിരന്തര പ്രശ്നങ്ങളെപ്പറ്റി അദ്ധ്യാപകർക്കു പോലും ബോധ്യമില്ലാത്ത ഇന്നത്തെ സ്ഥിതിവിശേഷത്തിൽ വിദ്യയുടെ പേരിൽ കുട്ടികളെ കുറ്റപ്പെടുത്തിയിട്ടെന്തു കാര്യം?

കൂടുതൽ അറിയാനുള്ള ജിജ്ഞാസ അല്ല, പുറമെനിന്നുള്ള അതൃപ്തമായ നിർബന്ധങ്ങൾക്കു വഴങ്ങിക്കൊണ്ടുള്ള ഒരു യാന്ത്രിക പഠനരീതിയാണ് ഇന്നത്തേത്. അദ്ധ്യാപകന്റെ സ്ഥാനം ടിവിയും കമ്പ്യൂട്ടറും മൊബൈലും ഏറ്റെടുത്തിരിക്കുന്നു. നമ്മുടെ മൂല്യസംസ്കാരം പോലും യാന്ത്രികമായ ഒരു ആശ്രയത്വം മാത്രമാണ്. ചോദിക്കാനും ചോദിക്കപ്പെടാനും ചോദ്യം ചെയ്യാനും അവകാശമുള്ള ഒരു വിദ്യാഭ്യാസരീതി വളർന്നുവരണം. ചോദിക്കാൻ അവസരമില്ലാത്തിടത്തോളം കാലം ക്രിയാത്മകത വളരില്ല. അരുതുകളുടെയും, keep silence ന്റെയും ലോകത്ത് വിദ്യാർത്ഥികളുടെ പ്രതികരണശേഷി നഷ്ടപ്പെടുന്നു. ചോദിക്കുക,

ചോദ്യം ചെയ്യുക, ഉത്തരം കണ്ടെത്തുക, അറിവു സമ്പാദിക്കുക, അനുഭവത്തിലൂടെ അറിവ് ബോധ്യപ്പെടുക, ബോധ്യപ്പെട്ട അറിവുകളിൽ അസ്വസ്ഥനാകുക. അതിന്റെ ഫലമാണ് മാറ്റം. വ്യക്തിയിൽ നിന്ന് സമൂഹത്തിലേക്ക് ആ മാറ്റം സംക്രമിക്കണം. അല്ലെങ്കിൽ മാറ്റത്തിനു പകരം നാറ്റമായിരിക്കും ഫലം. അറിവ്, ഗ്രഹണം, പ്രയോഗം, നൈപുണ്യം, താല്പര്യം, ആസ്വാദനം, അനുഭാവം എന്നീ സ്പഷ്ടീകരണങ്ങളിലൂടെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുന്നില്ലെങ്കിൽ ആ വിദ്യാഭ്യാസം പരാജയമാണ്.

## വിദ്യാഭ്യാസവും പൗലോ ഫ്രയറും...

ലോകചരിത്രത്തെ സ്വാധീനിച്ചിട്ടുള്ള അനേകം പ്രത്യയശാസ്ത്രങ്ങളിൽ സമകാലികശ്രദ്ധ ആകർഷിക്കുന്ന ഒന്നാണ് ബ്രസീലിയൻ വിദ്യാഭ്യാസ വിചക്ഷകനായ പൗലോ ഫ്രയറുടെ 'മർദ്ദിതരുടെ ബോധനശാസ്ത്രം.' സമൂഹത്തിന്റെ ഘടനാപരമായ മാറ്റത്തിലൂടെ ഒരു നീതിനിഷ്ഠ സമൂഹത്തെ രൂപപ്പെടുത്താൻ വിദ്യാഭ്യാസ മാറ്റത്തിനു മാത്രമേ കഴിയൂ എന്ന് വിശ്വസിച്ച ഫ്രയർ, അജ്ഞനായ വിദ്യാർത്ഥിയിൽ അടിച്ചേൽപ്പിക്കുന്ന ബാങ്കിങ് വിദ്യാഭ്യാസത്തിനു പകരം അദ്ധ്യാപകനും വിദ്യാർത്ഥികളും ഒരുപോലെ ചോദ്യംചെയ്യപ്പെടുന്ന സ്വതന്ത്രചിന്തയ്ക്കും അവലോകനത്തിനും അവസരം ലഭിക്കുന്ന ഒരു സംവാദാത്മക (debate) വിദ്യാഭ്യാസരീതി മുന്നോട്ടുവച്ചു. മാർക്സിയൻ വിശകലനരീതിയും ക്രൈസ്തവരീതിയിലുള്ള പരിഹാരനടപടികളും സമന്വയിപ്പിച്ചുകൊണ്ട് ഫ്രയർ രൂപകല്പന ചെയ്ത ഈ സിദ്ധാന്തം കഴിഞ്ഞ രണ്ടു ദശാബ്ദക്കാലം വരെ ഇന്ത്യയിൽ നിരോധിക്കപ്പെട്ടു. കാരണം, സമീപസ്ഥമായ ഒരു ചിന്താവിപ്ലവത്തിനു തീകൊളുത്താൻ ഈ പുസ്തകം ഇടവരുത്തുമെന്ന് അധികാരികൾ ഭയപ്പെട്ടു. ഒരു നീതിനിഷ്ഠ സമൂഹത്തിന്റെ പരിണാമഘട്ടങ്ങളിൽ സാമൂഹിക തിന്മകളെ ഉന്മൂലനം ചെയ്യുന്നതിനാവശ്യമായ ഒരു പുത്തൻ സമീപനവും പഠനക്രമവും മുന്നോട്ടുവയ്ക്കാനുള്ള ഈ ബോധനശാസ്ത്രം മനുഷ്യജീവിതത്തിന്റെ വംശപരവും, ചരിത്രപരവും, സാംസ്കാരികപരവുമായ എല്ലാ മേഖലകളിലും നിറഞ്ഞു നിൽക്കുന്നു. ഇതാണ് ഈ ബോധനശാസ്ത്രത്തിന്റെ കാതൽ.

## കലയും ശാസ്ത്രവും...

വിദ്യാഭ്യാസം ഒരു കലയാണ്. അതൊരു ശാസ്ത്രവുമാണ്. കല വികാരത്തിന്റെയും ശാസ്ത്രം വിചാരത്തിന്റെയും ഭാഷയിൽ പ്രതികരിക്കുന്നു. വസ്തുതകളെ അപഗ്രഥിച്ച് പൊരുൾ കണ്ടെത്താൻ സയൻസ് ശ്രമിക്കുമ്പോൾ വസ്തുതകളെ ഹൃദയഭാഷയിൽ കണ്ടെത്താനും അതിന്റെ സമസ്ത സത്ത കണ്ടെത്താനും കല ശ്രമിക്കുന്നു. ശാസ്ത്രവും കലയും കൈകോർത്തു പോകുന്ന അവസ്ഥയാണ് ഇന്ന് നമ്മുടെ വിജ്ഞാനവിസ്ഫോടനത്തിന്റെ അവസ്ഥാന്തരം. മനുഷ്യനെയും അവന്റെ ഹൃദയവിചാരങ്ങളെയും മനസ്സിലാക്കാതെ ശാസ്ത്രത്തിനു മുന്നേറാൻ ആവില്ല. പ്രപഞ്ചത്തിന്റെ പൊരുളും പെരുമയും തിരിച്ചറിയാതെ കലയ്ക്കു മുന്നേറാൻ കഴിയില്ല. ഈ സമൈക്യത്തിന്റെ വിജയഗാഥയായിരിക്കും വരും തലമുറയുടെ വൈജ്ഞാനിക വിജയം. 'Between the lines and beyond the lines.' വരികൾക്കിടയിലും വരികൾക്കപ്പുറത്തുള്ളതുമായ അർത്ഥത്തെപ്പറ്റി കലാസാഹിത്യപ്രശ്നങ്ങൾ പറയുമ്പോൾ ശാസ്ത്രം പരീക്ഷണം, നിരീക്ഷണം, നിഗമനം എന്നീ തലങ്ങളിലൂടെ യഥാർത്ഥ സത്യത്തെ കണ്ടെത്താൻ ശ്രമിക്കുന്നു.

## വിദ്യാർത്ഥികൾ രാഷ്ട്രത്തിന്റെ സമ്പത്ത്...

ഭാവിഭാരതം ക്ലാസ്സ് മുറികളിൽ രൂപംകൊള്ളുന്നുവെന്ന വസ്തുത ആത്യന്തികമായ വിദ്യാഭ്യാസ വികസനപ്രക്രിയയുടെ ലക്ഷ്യമാകണം. അറിവു വളർത്തുക എന്നതു മാത്രമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, വിദ്യാർത്ഥിയെ പരമാവധി വിഭവശേഷിയുടെ സമ്പത്താക്കി എല്ലാവിധത്തിലും വളർത്തുക എന്നതാണ്. ഒരുവൻ നേടുന്ന വിദ്യാഭ്യാസം തനിക്കെന്നപോലെ സമൂഹത്തിന്റെ വളർച്ചയ്ക്കും ഉതകണം. നാളെയുടെ രാഷ്ട്രം എങ്ങനെയാകണമെന്ന അഭിലാഷം ഇന്നത്തെ തലമുറയിലൂടെയാണ് സാക്ഷാത്കരിക്കപ്പെടുന്നത്. പുസ്തക കേന്ദ്രീകൃതമായ പഠനപദ്ധതികൾക്കപ്പുറം വ്യക്തിയിൽ അന്തർലീനമായ കഴിവുകളെയും വാസനകളെയും പ്രസരിപ്പിക്കുവാൻ ഔപചാരിക പഠനസമ്പ്രദായങ്ങൾ തയ്യാറാകണം.

1983 ൽ ഹാർവാഡ് സർവ്വകലാശാലയിലെ സൈക്കോളജിസ്റ്റും ന്യൂറോസയൻസ് പ്രൊഫസറുമായ "ഹോവാർഡ്

ഗാർഡ്നർ മൾട്ടിപ്പിൾ ഇന്റലിജെൻസ്" എന്ന ആശയം മുന്നോട്ടുവച്ചു. ബുദ്ധിശേഷിയെ പല വിഭാഗങ്ങളായി കണക്കാക്കിയാണ് മൾട്ടിപ്പിൾ ഇന്റലിജെന്ഡസ് അദ്ദേഹം വിശദീകരിച്ചത്. പലതരം ബുദ്ധിശക്തിയുടെ മിശ്രണമാണ് ഓരോരുത്തരിലുമുള്ളത്. അതിൽ ചിലതിന് മുൻതൂക്കം കൂടും. അതനുസരിച്ചാണ് കഴിവും താല്പര്യവും രൂപപ്പെടുന്നത്. ചിലർക്ക് കണക്ക്, മറ്റു ചിലർക്ക് ഭാഷാവിഷയങ്ങൾ, ചിലർക്ക് സാഹിത്യം, മറ്റു ചിലർക്ക് കല, സ്പോർട്ട്സ് എന്നിങ്ങനെ മൾട്ടിപ്പിൾഇന്റലിജെൻസിലെ ഏറ്റക്കുറച്ചിൽ അതനുസരിച്ച് അഭിരുചികൾ വ്യത്യസ്തമാകും. ആ അഭിരുചി കണ്ടെത്തി വളരാൻ അനുവദിച്ചാൽ കുട്ടികൾ അത്ഭുതങ്ങൾ കാണിക്കും. ഇന്നത്തെ ഓൺലൈൻ വിദ്യാഭ്യാസരീതി ഇതിന് എത്രമാത്രം വഴിയൊരുക്കുന്നുവെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം ഒരു വിഭാഗം ബുദ്ധിജീവികൾ നിലനിർത്തേണ്ടതല്ല. ഒരുകൂട്ടം അദ്ധ്യാപകർവഴി നടത്തിക്കേണ്ടതല്ല. ഒരു കൂട്ടം രക്ഷിതാക്കളുടെ ഹിതാഹിതങ്ങളല്ല ഇതിനെ നയിക്കേണ്ടത്. ഒരു സർക്കാരിന്റെ നയപരിപാടിയുടെ മാത്രം നഷ്ടബാക്കിയല്ല മറിച്ച്, എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമാണത്. കുട്ടികളുടെ വികസനമെന്ന ലക്ഷ്യം മുന്നിൽകണ്ട് നടപ്പിലാക്കേണ്ട വസ്തുതയാണ്. അല്ലെങ്കിൽ ടാഗോറിന്റെ വാക്കുകൾ അന്വർത്ഥമാകും. "പാഠഭാഗങ്ങൾ വിദ്യാർത്ഥികൾക്കു നേരെയെറിഞ്ഞ കല്ലുകളും, വിദ്യാർത്ഥികൾ മ്യൂസിയത്തിലെ ജീവനറ്റ സൂക്ഷിപ്പുകളുമായിരിക്കും."
Lessons are just like stones pelted on students;
Students are like dead specimens in museum.

**കവിത ●**

# കന്യാമറിയം



പരിശുദ്ധ അമ്മേ, പാരിൻ തായേ
ആയിരം നക്ഷത്രശോഭയാൽ വിളങ്ങും
വിശുദ്ധിതൻ നിറകാന്തിയെ
നിൻകൃപാ വായ്പിനായ് കേഴുന്നിതാ
നിൻ മക്കൾ ഞങ്ങളിൽ കനിയേണമേ

കാരുണ്യനിധിയെ കനിവിൻ തായെ
കാത്തരുളണെ ഞങ്ങളെ നിത്യം
ലോകൈക രക്ഷകനേശുവിൻ അമ്മേ
ലോകത്തിനുത്തമ മാതൃത്വമേ

ഈ ലോകജീവിത ക്ലേശമകറ്റുവാൻ
താങ്ങായ്, തണലായ് കാക്കേണമേ
ഞാൻ തളർന്നീടും വേളയിൽ നിൻമുഖ -
കാന്തി എൻ ദുഃഖമകറ്റീടുന്നു

കന്യാമറിയമെ, വിശുദ്ധിതൻ അമ്മേ
നിൻ നന്മയെന്നിൽ ചൊരിയേണമേ
ആരുമില്ലായീലോകത്താശ്രയമെങ്കിലും
നീയല്ലോ ഞങ്ങൾക്കഭയകേന്ദ്രം

**– സർഗ ജോസഫ്, കോട്ടപ്പുറം**

# OSHJ

## Oblates Sisters of the Sacred Heart of Jesus

### (തിരുഹൃദയ സമർപ്പിത സന്യാസ സഹോദരിമാർ)

നമ്മുടെ വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെൻററിൽ സേവനത്തിനായി എത്തിച്ചേർന്ന OSHJ- Oblates Sisters of the Sacred Heart of Jesus (തിരുഹൃദയ സമർപ്പിത സന്യാസ സഹോദരിമാർ) ക്കുറിച്ചും അവരുടെ പ്രവർത്തന മേഖലകളെക്കുറിച്ചും ചെറിയൊരു അവലോകനം...

OSHJ- ഒരു പൊന്തിഫിക്കൽ സഭാസമൂഹമാണ്. മുറിവേൽക്കപ്പെട്ട ഈശോയുടെ തിരുഹൃദയത്തെ സമാശ്വസിപ്പിച്ചുകൊണ്ട് വൈദികരുടെ വിശുദ്ധിക്കായി ജീവിതം ബലിവസ്തുവാക്കിയ വാഴ്ത്തപ്പെട്ട മദർ തെരേസ കസീനി റോമിലെ ഫ്രസ്ക്കാത്തിയിൽ ഗ്രോത്തഫെറാത്ത എന്ന സ്ഥലത്ത് മെലാനിയ റെയ്നർ, തോമസ് കസീനി എന്നീ മാതാപിതാക്കളുടെ മകളായി 1864 ഒക്ടോബർ മാസം 27-ാം തിയ്യതി ജനിച്ചു. ദൈവഹിതം എന്തെന്ന് അന്വേഷിച്ചുകൊണ്ടുള്ള അവളുടെ യാത്രയിൽ ദൈവം മദറിന് മാർഗ്ഗദർശിയായി ഒരു വൈദികനെ നൽകി. അപ്രകാരമുള്ള കാത്തിരിപ്പിനിടെ കർത്താവിന് തന്റെ സഹനം നിറഞ്ഞ സ്നേഹം നൽകുവാൻ പ്രാർത്ഥനയിൽ ഒന്നിച്ചുകൂടുന്ന ഏതാനും പെൺകുട്ടികൾക്ക് നേതൃത്വം നൽകുവാൻ മദർ ചിന്തിച്ചു. എന്നാൽ മദർപോലും അറിയാതെ അവളുടെ ഹൃദയത്തിൽ നിന്നും പുതിയൊരു സന്യാസസമൂഹം രൂപംകൊണ്ടു.

'എനിക്ക് കുടിക്കാൻ തരിക' എന്ന് സമരിയാക്കാരിയോട് പറഞ്ഞതുപോലെ എനിക്ക് വിശുദ്ധരായ വൈദികരെ തരിക എന്ന് കർത്താവ് മദറിനോട് ആവശ്യപ്പെട്ടു. അവിടുന്ന് അവൾക്ക് യാതൊന്നും വാഗ്ദാനം ചെയ്യുന്നില്ല. തന്റെ ജീവിതം അവൾ കർത്താവിനായി സമർപ്പിച്ചുകൊണ്ട് 1894 ഫെബ്രുവരി 2-ാം തിയ്യതി തിരുഹൃദയ സമർപ്പിത സഹോദരീ സമൂഹം രൂപംകൊണ്ടു. വൈദികരുടെ വിശുദ്ധീകരണത്തിനായി പ്രവർത്തിക്കുക എന്ന ലക്ഷ്യമാണ് മദറിന്റെ ആദ്ധ്യാത്മികതയുടെ പ്രധാന ഘടകം.

മാനുഷികമായ യാതൊരു പിന്തുണയുമില്ലാതെ പരിപൂർണ്ണമായ ദാരിദ്ര്യത്തിലായിരുന്നു കുറെക്കാലം ഈ സന്യാസ സമൂഹം. അങ്ങനെ വിത്ത് അതിൻറെ വേരുകൾ മണ്ണിന്റെ ആഴങ്ങളിലേക്ക് ഇറങ്ങുന്നതുപോലെ പുതിയ പുതിയ സന്യാസസമൂഹം ഇറ്റലി, അമേരിക്ക, ബ്രസീൽ, പെറു, ആഫ്രിക്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലായി രൂപംകൊണ്ടു.

ദൈവവിളികൾ ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. അതിനാൽ 1925 ൽ 'യേശുവിന്റെ കൊച്ചുകൂട്ടുകാർ' എന്ന സംഘടനയ്ക്ക് ഇവർ രൂപംകൊടുത്തു. 'ദൈവം എന്റെ അടുത്തുള്ളതായി എനിക്ക് തോന്നുന്നു. ഞാൻ വളരെ ശാന്തയാണ്' എന്നു പറഞ്ഞുകൊണ്ട് 1937 ഏപ്രിൽ 3 ന് മദർ നിത്യസമ്മാനത്തിനായി യാത്രയായി. മരണശേഷവും മദർ നൽകിയ ആദർശങ്ങളുടെ വഴിയിലൂടെ തിരുഹൃദയ സമർപ്പിത സഹോദരീസമൂഹം അതിൻറെ വളർച്ച തുടരുന്നു.

ഇന്ത്യയിലെ ഇവരുടെ പ്രവർത്തന മേഖലകൾ : -

1996 ഫെബ്രുവരി 2-ാം തിയ്യതി കഴക്കൂട്ടത്ത് സ്ഥാപിച്ച



ആദ്യത്തെ ഭവനത്തിൽ വൈദികരുടെ വിശുദ്ധിയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാനും, അർപ്പണ ബോധത്തോടെയും ത്യാഗമനോഭാവത്തോടെയും ജീവിതം ദൈവത്തിന് സമർപ്പിക്കുവാൻ അർത്ഥിനികളെ പരിശീലിപ്പിക്കുന്നതിനും, ആത്മീയകാര്യങ്ങളിൽ മാത്രമല്ല, കല, കായിക, ശാരീരിക തലങ്ങളിലും അർത്ഥിനികളെ വളർത്തിക്കൊണ്ടു വരുവാനും ശ്രമിക്കുന്നു. ഓരോ ഒബ്ളേറ്റ് സഹോദരിയും ദൈവമാതാവിന്റെ പാത പിന്തുടർന്നുകൊണ്ട് സമർപ്പണം വഴി വിശ്രമജീവിതം നയിക്കുന്ന വൈദികരെ പരിചരിക്കുക, അവർക്കാവശ്യമായ ആതുരശുശ്രൂഷ ലഭിക്കുന്നതിന് സഹായിക്കുക, പ്രാർത്ഥനയിലും ഭക്ഷണവേളയിലും അവരോടൊപ്പം ആയിരുന്നുകൊണ്ട് ഈശ്വരസാന്നിദ്ധ്യം അനുഭവവേദ്യമാക്കുക, രോഗാവസ്ഥയിലും വൈദികരെ പരിചരിക്കുക തുടങ്ങിയ സേവനങ്ങൾ ഇവർ ചെയ്യുന്നു. തിരുവനന്തപുരം, കൊല്ലം രൂപതകളിലെ പ്രീസ്റ്റ് ഹോമിലെ ഇവരുടെ സേവനം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരി പിതാവിൻറെ ക്ഷണം സ്വീകരിച്ച് 2021 ജൂൺ 5-ാം തിയ്യതി ഒബ്ളേറ്റ്സ് സഹോദരിമാർ മൂന്ന് അംഗങ്ങൾ (മദർ സുപ്പീരിയർ സിസ്റ്റർ മേരി ജോയ്‌ലിറ്റ്, സിസ്റ്റർ മേരി സുജ, സിസ്റ്റർ മേരി കൊച്ചുത്രേസ്യ) അടങ്ങുന്ന ഒരു സന്ന്യാസസമൂഹത്തിന് രൂപംനൽകി. നമ്മുടെ രൂപതയിൽ വികാസ്, ആൽബർട്ടൈൻ ആനിമേഷൻ സെൻററിലും കിഡ്സിലും ഇവർ സേവനമനുഷ്ഠിച്ചുവരുന്നു.

ഈ സന്ന്യാസ സമൂഹം വൈദികരുടെ വിശുദ്ധീകരണത്തിന് വേണ്ടിയുള്ള അനുദിന പ്രാർത്ഥനകളിൽ ചൊല്ലുന്ന ഒരു പ്രാർത്ഥന ചുവടെ ചേർക്കുന്നു.

പിതാവായ ദൈവമേ, അങ്ങേ ദാസന്മാരായ വൈദികരെ വിശുദ്ധീകരിക്കണമേ. അങ്ങയുടെ നാമത്തിൽ അവരെ സംരക്ഷിക്കണമേ. അങ്ങേ പ്രിയ സുതന്റെമേൽ എന്നപോലെ അങ്ങേ ദാസന്മാരുടെമേലും അങ്ങയുടെ ദിവ്യസ്നേഹം ചൊരിയണമേ. പിതാവേ, അവർ ലോകത്തിലാണ് എന്നാൽ ലോകം അവരെ ദ്വേഷിക്കുമ്പോൾ എല്ലാ തിന്മയിൽ നിന്നും അങ്ങേ വൈദികരെ കാത്തുകൊള്ളണമേ. അങ്ങേ സുതന്റെ സംരക്ഷണത്തിന് ഭരമേൽപ്പിക്കപ്പെട്ട അവരിൽ ഒരാളും നശിച്ചുപോകാൻ അങ്ങ് അനുവദിക്കരുതേ. സ്നേഹനിധിയായ ഈശോയെ അങ്ങേ വൈദീകരെ ശക്തിപ്പെടുത്തണമേ. അങ്ങേ ദിവ്യ ആത്മാവിനാൽ പൂരി തരായി ദൈവത്തിനും സഹോദരങ്ങൾക്കും ലോകം മുഴുവനിലും ഒരു സ്നേഹ ബലിയായി തീരുവാൻ അവരെ അനുഗ്രഹിക്കണമേ. ആമേൻ.



**Mother Teresa Casini**

**Foundress of the Oblate Sisters of the Sacred Heart of Jesus**

**പ്രതിമാസ ചിന്താവിഷയം :**



# യഥാർത്ഥമായ ആരാധന

സി.കെ ജോസഫ്, വി.പി. തുരുത്ത്

"ആകയാൽ സഹോദരരേ, ദൈവത്തിന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു: നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന" (റോമ 12 : 1). വി. പൗലോസ് അപ്പസ്തോലന്റെ വീക്ഷണത്തിൽ യഥാർത്ഥമായ ആരാധന എന്നത് ദൈവത്തിനുള്ള നമ്മുടെ സമ്പൂർണ്ണ സമർപ്പണമാണ്. പലപ്പോഴും ആരാധനയെന്നത് വെറുമൊരു പ്രാർത്ഥനാ ശുശ്രൂഷയായി മാത്രം പരിഗണിക്കപ്പെടുകയാണ്. യേശുനാഥൻതന്നെ സമരിയാക്കായിയുമായുള്ള സംഭാഷണ മധ്യേ ദൈവത്തിനു സ്വീകാര്യമായ ആരാധന എന്താണെന്നു വ്യക്തമാക്കുന്നുണ്ട്. "എന്നാൽ യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം ആത്മാവാണ്. അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ 14 : 6). ആത്മാവിലും സത്യത്തിലും ആരാധിക്കുക എന്നതിനർത്ഥം പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് യേശുവിലൂടെ പിതാവിനെ ആരാധിക്കണം. ഇതാണ് ദൈവത്തിനു പ്രീതികരവും സ്വീകാര്യവുമായ ആരാധന.

യഥാർത്ഥമായ ആരാധന നമ്മുടെ സമ്പൂർണ്ണ സമർപ്പണമാണെന്നു സൂചിപ്പിച്ചുവല്ലോ. ഇന്ന് സ്ഥാനത്തും അസ്ഥാനത്തുമെല്ലാം പരക്കെ പ്രയോഗിക്കുന്ന ഒരു പദമാണ് സമർപ്പണം. 'സമക്ഷം അർപ്പിക്കുക' അഥവാ 'മുമ്പിൽ വയ്ക്കുക' എന്നതാണ് 'സമർപ്പിക്കുക' എന്ന മലയാളപദംകൊണ്ട് അർത്ഥമാക്കുന്നത്. എന്താണ് സമർപ്പണമെന്ന് വി. പൗലോസ് വ്യക്തമായി നമ്മെ പഠിപ്പിക്കുന്നു. "നിങ്ങൾ അനുസരണമുള്ള ദാസരെപ്പോലെ നിങ്ങളെത്തന്നെ ആർക്കെങ്കിലും സമർപ്പിക്കുമ്പോൾ, നിങ്ങൾ അവന്റെ അടിമകളാണെന്ന് അറിയുന്നില്ലേ?" (റോമ 6 : 16). ഞാൻ എന്നെ ആർക്കു സമർപ്പിക്കുന്നുവോ, ആ വ്യക്തിയുടെ അടിമയായി ഞാൻ മാറുന്നു എന്നർത്ഥം. ഞാൻ ദൈവത്തിനു സമർപ്പിക്കുമ്പോൾ ദൈവത്തിന്റെ അടിമയായി മാറുന്നു. എന്നുവച്ചാൽ ദൈവം എന്റെ യജമാനനും ഉടമസ്ഥാവകാശിയുമായിത്തീരുന്നു. ഞാൻ ദൈവദാസനായി മാറുന്നു. ഞാനും എനിക്കുള്ളവയെല്ലാം ദൈവത്തിന്റേതു മാത്രമായിത്തീരുന്നു.

ഉല്പത്തി പുസ്തകത്തിൽ 22-ാം അദ്ധ്യായം 1 മുതലുള്ള വാക്യങ്ങളിൽ അബ്രാഹം തന്റെ ഏകമകൻ ഇസഹാക്കിനെ ദൈവകല്പനപ്രകാരം ബലികഴിക്കാൻ കൊണ്ടുപോകുന്ന സംഭവം വിവരിക്കുന്നു. അഞ്ചാം വാക്യത്തിൽ അബ്രാഹം വേലക്കാരോടു പറഞ്ഞു, "കഴുതയുമായി നിങ്ങൾ ഇവിടെ നിൽക്കുക. ഞാനും മകനും അവിടെപ്പോയി ആരാധിച്ചു തിരിച്ചുവരാം." മകനെ ദൈവത്തിനു ദഹനബലിയായി അർപ്പിക്കുവാൻ മോറിയാ മലയിലേക്കു കയറിപ്പോകുന്ന അബ്രാഹം പറയുന്നത്, "ഞാനും മകനും ദൈവത്തെ ആരാധിക്കാൻ പോകുന്നു" എന്നാണ്. ഇസഹാക്കിന്റെ യഥാർത്ഥ ഉടമസ്ഥൻ ദൈവമായ കർത്താവാണെന്ന് അബ്രാഹത്തിനു നല്ല ബോധ്യമുണ്ടായിരുന്നതിനാൽ 'മുതൽ' ഉടമസ്ഥന് തിരികെ നൽകുവാൻ അബ്രാഹം തയ്യാറാകുന്നു. അതാണ് അബ്രാഹം ദൈവത്തിനു നൽകിയ പരമമായ ആരാധന. പ്രിയ സഹോദരാ/സഹോദരീ, ദൈവം ഇന്ന് നിന്നോട് ആവശ്യപ്പെടുന്നതും ഇപ്രകാരമുള്ള സമർപ്പണമാണ്. എനിക്ക് ഒന്നും ഈ ഭൂമിയിൽ സ്വന്തമായിട്ടില്ല എന്ന ബോധ്യത്തോടെ ദൈവത്തെ ഉടമസ്ഥാവകാശിയായി നമുക്ക് അവരോധിക്കാം. ദൈവകൃപ നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ.

# വാർത്താജാലകം



## പ്രതിഷേധദിനം ആചരിച്ചു

ഐ.എം.എ. ആഹ്വാനം ചെയ്ത ഡോകടർമാർക്കും ആശുപത്രികൾക്കും നേരെ നടക്കുന്ന അക്രമങ്ങൾക്കെതിരെയുള്ള ദേശീയ പ്രതിഷേധദിനം ഡോൺ ബോസ്കോ ആശുപത്രിയിൽ ആചരിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ വി.എ പ്രഭാവതിടീച്ചർ ഉദ്ഘാടനം ചെയ്തു. സ്വന്തം ജീവൻ അവഗണിച്ചും കോവിഡ് കാലത്ത് രോഗികളെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകർക്ക് സംരക്ഷണം നൽകണം. അവർക്കെതിരെ മാനസികമായും ശാരീരികമായുമുള്ള അക്രമങ്ങൾ വിഷമിപ്പിക്കുന്നതാണെന്നും അവർ പറഞ്ഞു. ഐ.എം.എ പറവൂർ ബ്രാഞ്ച് പ്രസിഡന്റ് ഡോ. പി.സി. സുനീതി അദ്ധ്യക്ഷത വഹിച്ചു. മുനിസിപ്പൽ വൈസ് ചെയർമാൻ എം.ജെ. രാജു, ഡോൺ ബോസ്കോ ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. പൗലോസ് മത്തായി, നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ സ്നേഹ ലോറൻസ്, ഡയറക്ടർ ഫാ. റോക്കി റോബി കളത്തിൽ എന്നിവർ പ്രസംഗിച്ചു. ഡോക്ടർമാർ പ്ലക്കാർഡുകളേന്തി പങ്കെടുത്തു.

---

## ഫാ. സിജിൽ സേവ്യറിന് ഡോക്ടറേറ്റ്



കോട്ടപ്പുറം രൂപതാംഗമായ ഫാ. സിജിൽ സേവ്യർ മുട്ടിക്കൽ തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. ജർമ്മനിയിലെ പാസൗ സർവ്വകലാശാലയിൽ നിന്ന് പ്രപഞ്ചശാസ്ത്രവുമായി ബന്ധപ്പെട്ട് ശ്രീ ശങ്കരന്റെയും വി. തോമസ് അക്വിനാസിന്റെയും ചിന്തകളിലുള്ള ഐക്യവും വ്യത്യാസവുമായിരുന്നു ഗവേഷണ വിഷയം. പത്തു വർഷമായി ജർമ്മനിയിലെ പാസൗ രൂപതയിൽ സേവനം ചെയ്യുകയാണ്. ഇപ്പോൾ ഐഹഫോർമ് വാൾഡ് സെന്റ് പീറ്റർ ആന്റ് പോൾ പള്ളിയിൽ സഹവികാരിയായി അജപാലനദൗത്യം നടത്തുകയാണ്. അതിനിടയിലാണ് അഞ്ചു വർഷം കൊണ്ട് ഗവേഷണപഠനം പൂർത്തിയാക്കിയത്. കോട്ടപ്പുറം രൂപത കീഴുപ്പാടം സൽബുദ്ധിമാത ഇടവക മുട്ടിക്കൽ പരേതനായ ജോസഫിന്റെയും മേരിയുടെയും മകനാണ്.

---



## കോവിഡും കടലാക്രമണവും മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് കിഡ്സ് കോട്ടപ്പുറത്തിന്റെ കൈത്താങ്ങ്

കോട്ടപ്പുറം രൂപതയുടെ സാമൂഹിക സേവന വിഭാഗമായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി കോവിഡും കടലാക്രമണവും മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന എറിയാട്, എടവിലങ്ങ്, എസ്.എൻ.പുരം എന്നീ പഞ്ചായത്തുകളിലെ നിവാസികൾക്ക് ഒരു താല്ക്കാലിക ആശ്വാസം എന്ന നിലയ്ക്ക് ഭക്ഷ്യ-ശുചിത്വ കിറ്റ് വിതരണം ചെയ്തു. ഭാരത കത്തോലിക്കാസഭയുടെ ഔദ്യോഗിക സാമൂഹിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെയാണ് കിറ്റ് വിതരണം നടത്തിയത്. കോട്ടപ്പുറം രൂപതാദ്ധ്യ

ക്ഷൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി കേരള നിയമസഭ പ്രതിപക്ഷനേതാവ് അഡ്വ. വി.ഡി. സതീശന് കൈമാറിക്കൊണ്ട് ഭക്ഷ്യ-ശുചിത്വ കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ, രൂപതാ വികാർ ജനറൽ റവ. ഡോ. ആന്റണി കുരിശിങ്കൽ, ചാൻസലർ ഫാ. ബെന്നി വാഴക്കൂട്ടത്തിൽ, കൗൺസിലർ ശ്രീ. വി.എം. ജോണി എന്നിവർ പങ്കെടുത്തു. കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ അർഹതപ്പെട്ട ഉപഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഈ മൂന്നു പഞ്ചായത്തുകളിലായി ഏകദേശം 1000 കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.



## കോൺഗ്രസ് കോട്ട ബൂത്ത് കമ്മറ്റിയുടെ സ്നേഹോപഹാരം പദ്ധതിയിലൂടെ 2000 നോട്ട്ബുക്കുകൾ വിതരണം നടത്തി

വീണ്ടുമൊരു അദ്ധ്യയനം ഈ കോവിഡ് കാലത്ത് ആരംഭം കുറിക്കുമ്പോൾ സാധാരണക്കാരുടെ ജീവിതം ഒത്തിരി പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ സാഹചര്യത്തിൽ കോൺഗ്രസ് കോട്ട ബൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള സ്നേഹോപഹാരം പദ്ധതിയിലൂടെ 2000 നോട്ട്ബുക്കുകൾ വിതരണം നടത്തി. ഈ സംരംഭം കോട്ടയിലെയും പരിസരപ്രദേശത്തെയും കുഞ്ഞുമക്കൾക്ക് കൈത്താങ്ങാവുകയാണ്. ഇതിന്റെ ഭാഗമായി 100 രൂപ നോട്ട്ബുക്ക് ചലഞ്ചിലൂടെയാണ് നോട്ട്ബുക്കിനാവശ്യമായ അരലക്ഷം രൂപ സമാഹരിച്ചത്. പ്രസ്തുത പരിപാടിയുടെ വിതരണോദ്ഘാടനം യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി ശോഭ സുബിൻ നിർവ്വഹിച്ചു. കോൺഗ്രസ് ബൂത്ത് പ്രസിഡന്റ് അനീഷ് റാഫേൽ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ മേത്തല മണ്ഡലം പ്രസിഡന്റ് വി.എം. ജോണി മുഖ്യാതിഥിയായിരുന്നു. സെക്രട്ടറി സെബിൻ സ്വാഗതമാശംസിച്ചു. ആന്റണി മഞ്ഞളി നന്ദിയർപ്പിച്ചു.



## കാര തീരദേശത്തിന് ആശ്വാസമായി സമ്പാളൂർ ഇടവക

കാര തീരദേശത്തെ ആളുകളുടെ ദുരിതംനിറഞ്ഞ ദിനങ്ങളിൽ ആശ്വാസം പകർന്നുകൊണ്ട് സമ്പാളൂർ ഇടവക അവരുടെ അദ്ധ്വാനഫലമായ ഏകദേശം 500 കിലോ കപ്പ നൽകി. കഴിഞ്ഞ ലോക്ഡൗൺ കാലത്ത് സമ്പാളൂർ ഇടവക വികാരി ഫാ. ജോയ് കല്ലറക്കലിന്റെയും സഹവികാരി ഫാ. വിപിൻ സെബാസ്റ്റ്യന്റെയും യുവജനങ്ങളുടെയും നേതൃത്വത്തിൽ നടത്തിയ കപ്പ കൃഷിയുടെ മുഴുവൻ ഫലവും കാര ഇടവക വികാരി ഫാ. ജോയ് തേലക്കാട്ടിനും, സഹവികാരി ഫാ. നിവിൻ കളരിത്തറയ്ക്കും കൈമാറി.

## ഉദ്ഘാടനം ചെയ്തു.

പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിൽ നവീകരിച്ച പ്രവേശന കവാടം, റിസപ്ഷൻ, പബ്ലിക് റിലേഷൻസ് ഓഫീസ്, ഇൻഷുറൻസ് ഡസ്ക് എന്നിവയുടെ ആശിർവ്വാദവും ഉദ്ഘാടനവും കോട്ടപ്പുറം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി നിർവ്വഹിച്ചു. ഇതോടനുബന്ധിച്ചു നടന്ന ചടങ്ങിൽ ഡയറക്ടർ ഫാ. റോക്കി റോബി കളത്തിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ഷാബു കുന്നത്തൂർ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ക്ലോഡിൻ ബിവേര,



ഫാ. ഷിബിൻ കൂളിയത്ത് എന്നിവർ പ്രസംഗിച്ചു. കോട്ടപ്പുറം രൂപത വികാരി ജനറൽ മോൺ. ഡോ. ആന്റണി കുരിശിങ്കൽ, ചാരിറ്റി സഭ പ്രൊവിൻഷ്യൽ സിസ്റ്റർ ഗീത ചാണേപറമ്പിൽ, കൗൺസിലർ സിസ്റ്റർ ഫിലോ ജോസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. പൗലോസ് മത്തായി, നഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ സ്നേഹ ലോറൻസ് എന്നിവർ സന്നിഹിതരായിരുന്നു.

ഡോൺ ബോസ്കോ ആശുപത്രിയിൽ നവീകരിച്ച പ്രവേശന കവാടം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി നാട മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ക്ലോഡിൻ ബിവേര, ഡോ. പൗലോസ് മത്തായി, മോൺ. ഡോ. ആന്റണി കുരിശിങ്കൽ, ഫാ. ഷാബു കുന്നത്തൂർ, ഫാ. റോക്കി റോബി കളത്തിൽ, സിസ്റ്റർ ഗീത ചാണേപറമ്പിൽ, സിസ്റ്റർ പ്രിയ ജോൺ തുടങ്ങിയവർ സമീപം.



## കോട്ടപ്പുറം രൂപതയിൽ 'ഞങ്ങളുണ്ട് കൂടെ' – സന്യസ്തരുടെ കുടുംബപ്രേഷിതത്വത്തിനായ് ഉദ്ഘാടനം ചെയ്തു.

കോവിഡ് കാലഘട്ടത്തിൽ കുടുംബകേന്ദ്രീകൃത അജപാലനം ലക്ഷ്യമാക്കി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കുടുംബവർഷത്തോടനുബന്ധിച്ച്, കുടുംബങ്ങളെ വീണ്ടെടുക്കണമെന്ന് പറഞ്ഞുകൊണ്ട് കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി. 'ഞങ്ങളുണ്ട് കൂടെ' എന്ന പ്രോഗ്രാം രൂപതയിലെ എല്ലാ സന്യസ്തരെയും വിളിച്ചു കൂട്ടി സന്യസ്തരുടെ കുടുംബപ്രേഷിതത്വത്തെ കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ.ഡോ.ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്തു. തകർന്ന കുടുംബങ്ങളെയും തകർന്നുകൊണ്ടിരിക്കുന്ന കുടുംബങ്ങളെയും ക്രിസ്തുവിൽ വീണ്ടെടുക്കാൻ സന്യസ്തരുടെ അജപാലനത്തെ ഓർമ്മപ്പെടുത്തിക്കൊണ്ടാണ് 'ഞങ്ങളുണ്ട് കൂടെ' എന്ന സന്യസ്തരുടെ കൂട്ടായ്മയിൽ പിതാവ് സംസാരിച്ചത്. ഈ ദൗത്യം ആയിരിക്കുന്ന ഇടവകകളിലെ കുടുംബങ്ങളുടെ സന്ദർശനത്തിലൂടെ സാധിക്കുകയുള്ളൂവെന്ന് അഭിവന്ദ്യ പിതാവ് ആഹ്വാനം ചെയ്തു. കോട്ടപ്പുറം രൂപത സന്യസ്തരുടെ എപ്പിസ്കോപ്പൽ വികാർ ആയ റവ. ഫാ. സെബാസ്റ്റ്യൻ ജെക്കോബി ഈ മീറ്റിംങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതയിൽ കുടുംബവർഷത്തോടനുബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന പദ്ധതികളുടെ പ്രകാശനം കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. ആന്റണി കുരിശിങ്കൽ നിർവഹിച്ചു. കുടുംബങ്ങളുടെ അജപാലന പ്രേഷിതത്വത്തെക്കുറിച്ച് കെ.ആർ.എൽ.സി.ബി.സി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ.ഡോ. എ. ആർ ജോണും, കൊച്ചി രൂപത റിസോഴ്സ് പേഴ്സണായ ബോണി ചെല്ലാനവും ക്ലാസ്സ് നയിച്ചു. കോട്ടപ്പുറം രൂപത ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ.നിമേഷ് അഗസ്റ്റിൻ എല്ലാവർക്കും സ്വാഗതം നേരുകയും കോട്ടപ്പുറം രൂപത ഫാമിലി കമ്മീഷൻ സെക്രട്ടറി സി. കൊച്ചുത്രേസ്യ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു. രൂപതയിലെ വിവിധ സന്യാസസമൂഹങ്ങളിൽ നിന്നായി 75-ഓളം സിസ്റ്റേഴ്സും ഫാമിലി കമ്മീഷൻ റിസോഴ്സ് ടീമും പങ്കെടുത്തു.

**തിരുത്ത്** : **കഴിഞ്ഞ ലക്കം (2021 ഏപ്രിൽ) ഇറക്കിയ ദിദിമോസിൽ – 'കേരള ഫ്രാൻസിസ് സേവ്യർ, ഫാ. തിയോഫിലസ് പാണ്ടിപ്പിള്ളി' എന്ന ലേഖനത്തിൽ കൊടുത്തിരിക്കുന്ന ചിത്രം ഫാ. തിയോഫിൻ കപ്പുച്ചിന്റെതായിരുന്നു. തിയോഫിൻ അച്ചന്റെ ചിത്രം തെറ്റായി ചേർത്തതിൽ ഖേദിക്കുന്നു.**



## കോട്ടപ്പുറം രൂപതയിൽ പ്രോ–ലൈഫ് വാരാചരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

ജനിക്കാനുള്ള അവകാശം നിഷേധിക്കാൻ നിയമത്തിനും മനുഷ്യനും അവകാശമില്ലെന്ന് കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി. കോട്ടപ്പുറം കത്തീഡ്രൽ ദൈവാലയത്തിൽ മൂന്നും അതിനുമുകളിലുള്ള കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നല്കി പ്രോ-ലൈഫ് വാരാചരണ പ്രവർത്തനങ്ങൾ കോട്ടപ്പുറം രൂപത മെത്രാൻ ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്തു. രൂപതയിൽ പ്രോലൈഫ് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി ഇടവകകളിൽ പ്രോ-ലൈഫ് സമിതി രൂപീകരിക്കാൻ എല്ലാ ഇടവകകളിലും അദ്ദേഹം ആഹ്വാനം ചെയ്തു. 2013- ൽ കോട്ടപ്പുറം രൂപതയുടെ അദ്ധ്യക്ഷനായ നാൾ മുതൽ മൂന്നും അതിനുമുകളിലുള്ള 63 കുഞ്ഞുങ്ങൾക്ക് അഭിവന്ദ്യ പിതാവ് മാമ്മോദീസ നല്കി. ജീവന്റെ സംരക്ഷകരാണ് ക്രൈസ്തവർ. സ്വാർത്ഥതയ്ക്കും സാമ്പത്തിക നേട്ടത്തിനുമായി ജീവന് യാതൊരു വിലയും കൽപ്പിക്കാത്ത ഈ കാലഘട്ടത്തിൽ ജീവൻ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്ന പ്രോ-ലൈഫ് സമിതിയെ ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു എന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. രൂപതയിലെ 3 മത്തെയും 4 മത്തെയുമായ നാല് കുഞ്ഞുങ്ങൾക്ക് മാമ്മോദീസ നല്കികൊണ്ടാണ് അഭിവന്ദ്യ പിതാവ് രൂപതയിലെ പ്രോ- ലൈഫ് വാരാചരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തത്. ഈ കുടുംബവർഷാചരണത്തിൽ 4 ഉം അതിൽ കൂടുതലോ മക്കളുള്ള കുടുംബങ്ങളുടെ സംഗമം നടത്താനും അതോടൊപ്പം രൂപതയുടെ ഡോൺ ബോസ്ക്കോ ഹോസ്പിറ്റലുമായി ചേർന്ന് ഇൻഷുറൻസ് പദ്ധതികളും രൂപീകരിക്കാനും തീരുമാനിച്ചതായി അഭിവന്ദ്യ പിതാവ് അറിയിച്ചു. രൂപത കത്തീഡ്രൽ വികാരി ഫാ. അംബ്രോസ് പുത്തൻവീട്ടിൽ, രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ.നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി, കത്തീഡ്രൽ അസി.വികാരി ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി ,രൂപതാ ഫാമിലി അപ്പോസ്തലേറ്റ് സെക്രട്ടറി സി. കൊച്ചുത്രേസ്യ എന്നിവർ സന്നിഹിതരായിരുന്നു.

---



## കോട്ടപ്പുറം രൂപത വിശ്വാസപരിശീലന വർഷത്തിനു തുടക്കമായി

കോട്ടപ്പുറം - കൊടുങ്ങല്ലൂർ രൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ രൂപതാതല ഉദ്ഘാടനം രൂപതാഅദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി നിർവ്വഹിച്ചു. വിവാഹജീവിതത്തിന്റെ പവിത്രതയും സ്നേഹവും അതിലൂടെ കൈവരിക്കുന്ന വിശുദ്ധിയും ഐക്യവുമാണ് ഓരോ കുടുംബങ്ങളെയും ശ്രേഷ്ഠമാക്കുന്നത് എന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം ഓർമ്മിപ്പിച്ചു. തുടർന്നു നടന്ന യോഗത്തിൽ രൂപത വികാരി ജനറൽ മോൺ. ആന്റണി കുരിശിങ്കൽ അദ്ധ്യക്ഷതവഹിച്ചു. ഫാ. അംബ്രോസ് പുത്തൻവീട്ടിൽ, ഫാ. മിഥുൻ മെന്റസ്, ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി, ശ്രീ. തമ്പി അറയ്ക്കൽ, ബ്രദർ ഷൈജു സ്റ്റാൻലി, ശ്രീ. ബിജോയ് ഇലഞ്ഞിക്കൽ, സിസ്റ്റർ ഡെയ്സി, ശ്രീമതി നിഷ എന്നിവർ ആശംസകൾ നേർന്നു. രൂപതാ മതബോധനകേന്ദ്രം ഡയറക്ടർ ഫാ. ജോയ് സ്രാമ്പിക്കൽ ഏവർക്കും നന്ദിപറഞ്ഞു.